# വേദാഭിമാനി

12th YEAR

Vol.12 No.4 APRIL കാർത്തികപ്പള്ളി R.No. 7361/02

വേദപുസ്തക സത്യത്തിലേക്ക് ഒരു ജാലകം : സത്യത്തിന് സാക്ഷി


## വരുന്നു, ഹൈഡ്രജൻ വണ്ടി!



ലോകത്തിലാദ്യമായി ഹൈഡ്രജൻ ഉപയോഗിച്ച് ഓടുന്ന മുച്ചക്രവാഹനം ഇന്ത്യയ്ക്ക് സ്വന്തം! മഹീന്ദ്ര ആൻഡ് മഹീന്ദ്രയും ഐ.ഐ.ടി. ഡൽഹിയും ചേർന്ന് വികസിപ്പിച്ച 'ഹൈ ആൽഫ' എന്ന വാഹനം ഡൽഹി ഓട്ടോ എക്സ്പോയിലാണ് പ്രദർശിപ്പിച്ചത്. ഒരു കിലോഗ്രാം ഹൈഡ്രജന് 80 കിലോമീറ്റർ മൈലേജാണ് കമ്പനി അവകാശപ്പെടുന്നത്. കാർബൺ രഹിത ഇന്ധനമായ ഹൈഡ്രജൻ ഉപയോഗിക്കുക വഴി അന്തരീക്ഷ മലിനീകരണം കുറയ്ക്കുകയാണ് ലക്ഷ്യം.

## ക്ലീനർ തുണി!



തുണി അലക്കാൻ മടിയുള്ളവർക്ക് സന്തോഷ വാർത്ത. സ്വയം വൃത്തിയാവുന്ന കോട്ടൺ വസ്ത്രങ്ങൾ കണ്ടെത്തിയിരിക്കുകയാണ് ചൈനയിലെ ശാസ്ത്രജ്ഞർ! വെള്ളം വേണ്ട, സോപ്പ് വേണ്ട, അലക്കാനുള്ള സമയവും അധ്വാനവും വേണ്ട. ഉപയോഗിച്ചു കഴിഞ്ഞ വസ്ത്രം അല്പസമയം വെയിലത്തിട്ടാൽ മതി. തുണിയിഴകളിൽ ചേർക്കുന്ന ചില രാസവസ്തുക്കൾ സൂര്യപ്രകാശത്തിന്റെ സഹായത്തോടെ കറകൾ നീക്കുകയും ദുർഗന്ധം ഇല്ലാതാക്കുകയും ചെയ്തുകൊള്ളും. ഈ രാസവസ്തുക്കൾ മനുഷ്യന് ഹാനികരമല്ലെന്ന് ഉറപ്പു വരുത്താനുള്ള നടപടികൾ കൂടി പൂർത്തിയായാൽ ഇവ വിപണിയിൽ എത്തും!






## ജലയാത്രയ്ക്കു വിരാമം



മുപ്പത്തഞ്ചു വർഷമായി മൂന്നു ബോട്ടുകളിലായി ലോകം ചുറ്റുന്ന ഇംഗ്ലീഷ് ദമ്പതികളാണ് ബിൽ കൂപ്പറും ലോറെലും. വ്യത്യസ്ത കാലാവസ്ഥയും ജീവിതരീതിയും നിലനില്ക്കുന്ന നിരവധി ഭൂപ്രദേശങ്ങളിൽ സഞ്ചരിച്ചു. ഒരുലക്ഷം നോട്ടിക്കൽ മൈൽ ദൂരം ഇവർ പിന്നിട്ടു വെന്നു റിപ്പോർട്ട്. 47-ാം വയസിലാണ് ബിൽകൂപ്പറിനു ലോകസഞ്ചാരമെന്ന മോഹമുണ്ടായത്. ഒരു ദിവസം ജോലിസ്ഥലത്തു നിന്നു മടങ്ങിയെത്തിയ ബിൽ ഇനി ഓഫീസിലേക്കില്ലെന്ന് സഹപ്രവർത്തകരോടു വിളിച്ചുപറയാൻ ലോറെലിനോട് ആവശ്യപ്പെട്ടു. രണ്ടു വർഷത്തിനുള്ളിൽ യാത്രയ്ക്കുള്ള ബോട്ട് തയാർ. തുടർന്നു വീടു വിറ്റു. ബന്ധുക്കളോടും സുഹൃത്തുക്കളോടും യാത്ര പറഞ്ഞു. സാഹസിക ജീവിതത്തിനു തുടക്കമിട്ടു.

45ലധികം രാജ്യങ്ങളെ സ്പർശിച്ച് മൂന്നു പതിറ്റാണ്ടിലധികമായി തുടരുന്ന ജലയാത്ര അവസാനിപ്പിക്കാനൊരുങ്ങുകയാണ് ബിൽ-ലോറെൽ ദമ്പതികൾ. പ്രായാധിക്യം, രോഗങ്ങൾ... ഇതൊക്കെയാണ് കാരണങ്ങൾ.

യാത്രയ്ക്കിടെ ഏഴു കടലു കടന്നു. കനാലുകളും നദികളുമായി 22000 മൈൽ തരണം ചെയ്തു. 25 അടി ഉയരത്തിൽ ഉയർന്ന തിരമാലകളെയും മണിക്കൂറിൽ 100 മൈൽ വേഗത്തിൽ വീശിയടിച്ച കാറ്റിനെയും അതിജീവിച്ച യാത്ര.

റോയൽ നേവിയിലെ മുൻ ഓഫീസറാണു ബിൽ കൂപ്പർ. ഹാരോൾ വിൽസന്റെ അനൗദ്യോഗിക ഉപദേശകനായി പ്രവർത്തിച്ചിരുന്നു.

## ഭക്ഷണമില്ലാതെ രണ്ടു മാസം



മഞ്ഞിനടിയിൽപ്പെട്ട കാറിൽ ഭക്ഷണമില്ലാതെ രണ്ടുമാസം ജീവിച്ച നാല്പത്തിയഞ്ചുകാരനെ സ്വീഡനിൽ രക്ഷപ്പെടുത്തി. മെലിഞ്ഞ് ദുർബലനായിരുന്ന ഇദ്ദേഹം രണ്ടുവാക്ക് തികച്ച് ഉച്ചരിക്കാൻ വയ്യാത്ത അവസ്ഥയിലായിരുന്നു.

ഉത്തര സ്വീഡനിലെ ഉമിയ നഗരത്തിനടുത്ത് കാട്ടുവഴിയിൽ സ്നോമൊബൈലുകാർ ഇദ്ദേഹത്തിന്റെ കാർ കണ്ടെത്തുകയായിരുന്നു. തകർന്ന ഏതോ കാറായിരിക്കുമെന്നാണ് വിചാരിച്ചിരുന്നത്. മഞ്ഞുവെട്ടിത്തെളിച്ച് ജനാലയ്ക്കടുത്തെത്തിയപ്പോൾ കാറിനുള്ളിൽ അനക്കം കണ്ടു. പിൻസീറ്റിലെ സ്ലീപിംഗ് ബാഗിൽ കിടക്കുന്ന നിലയിലായിരുന്നു നാല്പത്തിയഞ്ചുകാരൻ, പോലീസും രക്ഷാസംഘവുമെത്തി ഉടൻ ആശുപത്രിയിലാക്കി.

## ഓഫീസിനുള്ളിലും കാർ



ഒരു കാറിന്റെ വലുപ്പത്തെക്കുറിച്ചുള്ള നിങ്ങളുടെ സങ്കല്പങ്ങൾ തകർക്കുന്ന ഒരു കാർ. പീൽ പി 50 എന്ന കാറിനെക്കുറിച്ചാണ് വാർത്ത. ഈ കാറിൽ ഓഫീസ് മുറിയിൽ നിങ്ങളുടെ മേശയ്ക്കു സമീപത്തെത്താം. റസ്റ്റോറന്റിലെത്തി ഉള്ളിൽ കടന്ന് കാറിലിരുന്നുതന്നെ സാധനങ്ങൾ വാങ്ങാം. ചെറിയ വലിയ അത്ഭുതം.

പോൾ ഹാരിസ് എന്നയാളാണ് കഴിഞ്ഞ ദിവസം പീൽ കാറിൽ ഡെയ്‌ലി മെയ്ൽ ഓഫീസിലെത്തിയത്. മുൻവശത്തെ വാതിൽ കടന്ന് ഇടനാഴികൾ കടന്ന് കാർ നീങ്ങി. ലിഫ്റ്റിലേക്ക് ഓടിച്ചു കയറ്റി. ഒടുവിൽ പത്രമോഫീസിലെ ഹാളിലെത്തി.

കളിപ്പാട്ടക്കാർ പോലെ സുന്ദരം. എവിടെയിറക്കിയാലും ഇവൻ നന്നായി ഷൈൻ ചെയ്യും.

കാറിന്റെ ഭാരം 59 കിലോഗ്രാം. പുതിയ മോഡലിനു വില പതിനൊന്നരലക്ഷം. വേഗം മണിക്കൂറിൽ 38 മൈൽ.

## ജീൻസിലൊരു ലാപ്ടോപ്പ്

ഡസ്കില്ലാതെ എവിടെയിരുന്നും ലാപ് ടോപ് ഉപയോഗിക്കാൻ സഹായിക്കുന്ന കണ്ടുപിടിത്തവുമായി ഡച്ചുകമ്പനി. ജീൻസിൽ മോണിട്ടർ ഒഴികെയുള്ള ഭാഗങ്ങൾ നിർമിച്ചാണ് ലാപ്ടോപ്പ് ഉപയോഗിക്കാൻ എളുപ്പമാർഗ്ഗം കണ്ടെത്തിയിരിക്കുന്നത്.



ബ്യൂട്ടി, ജീക്ക് എന്നീ പേരിലുള്ള ജീൻസിന്റെ അരഭാഗത്ത് കീബോർഡ്, ചെറിയ സ്പീക്കർ, മൗസ് എന്നിവ ഘടിപ്പിച്ച് ഇത് കമ്പ്യൂട്ടറുമായി ബന്ധിപ്പിക്കുന്ന രീതിയിലാണ് ഇതിന്റെ രൂപകൽപന. എറിക് ഡി നിജ്സ്, ടിം സ്മിത് എന്നിവർ ചേർന്ന് ന്യൂവേ ഹിരൺ എന്ന കമ്പനിക്കുവേണ്ടി രൂപകൽപന ചെയ്തതാണ് പുതിയ ജീൻസ് ലാപ്ടോപ്പ്.

# ക്രിസ്തുവിനെ കണ്ടറിയുക

ഭൂമി മനുഷ്യന്റെ പിടിയിൽ ഒതുങ്ങിക്കഴിഞ്ഞു. ഇതര ഗോളങ്ങളെയും പിടിച്ചട ക്കാനുള്ള പരിശ്രമത്തിലാണവൻ. നന്മയും തിന്മയും കൂടിക്കുഴഞ്ഞ മനുഷ്യജീവിതം. സങ്കീർണതയുടെ മുഖങ്ങൾ എങ്ങും വ്യാപിക്കുന്നു. ശാസ്ത്ര-സാങ്കേതികരംഗങ്ങളിൽ ലോകം നേടിയിരിക്കുന്ന നേട്ടങ്ങൾ അത്ഭുതകരമാണ്. എന്നാൽ, ആരെയും അതിശ



യിപ്പിക്കുന്ന ആ നേട്ടങ്ങൾക്കിടയിലും ശാന്തിയും സമാധാനവും മനുഷ്യന് അന്യമാ യിക്കൊണ്ടിരിക്കുകയാണ്. അതിന്റെ കാരണം മനുഷ്യൻ ദൈവത്തെ തന്റെ ജീവിതത്തിൽ നിന്ന് അകറ്റിനിർത്തുന്നു എന്നതുതന്നെ. ഇങ്ങ നെയൊരു പശ്ചാത്തലത്തിലാണ് ഇന്നു ക്രിസ്തുവിനു-മനുഷ്യരുടെ ജീവിതത്തിൽ കൂടുതൽ പ്രസക്തിയുള്ളത്.

മനുഷ്യപ്രകൃതിയെ ദൈവികമാക്കിയ മഹത് സംഭവമാണ് ദൈവം മനുഷ്യനായി പിറന്ന ചരിത്രയാഥാർഥ്യം. ദൈവം സൃഷ്ടിച്ച മനുഷ്യപ്രകൃതിക്ക് മനുഷ്യന്റെ തിന്മമൂലം വന്ന വൈകല്യത്തെ ഇല്ലായ്മ ചെയ്ത് ആ മനുഷ്യപ്രകൃതിക്ക് ദൈവിക പരിവേഷം കൊടുത്തു ക്രിസ്തുവിന്റെ മനുഷ്യാവതാരം. ക്രിസ്തുവിൽ വിശ്വസിച്ച്, അവിടുത്തെ വചനം അനുസരിച്ച് ജീവിക്കുന്ന ക്രൈസ്ത വന്റെ മനുഷ്യപ്രകൃതിക്കും ഇതേ മഹത്വമാണ് കൈവരുന്നത്. ക്രിസ്തുവിന്റെ മനു ഷ്യാവതാരത്തിന് സർവ മനുഷ്യരെയും സ്പർശിക്കുന്ന ഒരു സാകല്യ സ്വഭാവം ഉള്ള തിനാൽ ദൈവവിശ്വാസികളായ എല്ലാ മനുഷ്യർക്കും ഓരോരോ അളവുകളിൽ ഈ മഹത്വത്തിൽ പ്രവേശിക്കാൻ കഴിയുന്നുണ്ട്. ഇതുതന്നെയാണ് ദൈവപുത്രന്റെ മനു ഷ്യജനനത്തിൽ മാലാഖമാർ പാടിയത്.

"അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം. ഭൂമിയിൽ സന്മനസുള്ളവർക്ക് സമാ ധാനം."



മനുഷ്യരുടെ സമാധാനമാണ് ദൈവത്തിന്റെ മഹ ത്വം. അഥവാ മനുഷ്യരെല്ലാവരും സമാധാനത്തിൽ സന്തോഷത്തോടെ കഴിയുമ്പോഴാണ് ദൈവം മഹ ത്വപ്പെടുന്നത്. അന്ധനായി ജനിച്ച ഒരുവന്റെ അന്ധ തയുള്ള അവസ്ഥപോലും ദൈവമഹത്വത്തിന്റെ പ്രകാ ശനമാക്കി മാറ്റാൻ അവനും അവനോടു ബന്ധപ്പെട്ട വർക്കും സാധിക്കുമെന്ന് ക്രിസ്തുതന്നെ പറയുന്നു ണ്ട്. ഈ ലോകത്തിലെ ഏതൊരു അവസ്ഥയേയും സ്വർഗീയമാക്കാൻ മനുഷ്യനെ ശക്തിപ്പെടുത്തുന്ന ആന്തരികമായ ദൈവികതയാണ് ക്രിസ്തുവിന്റെ മനു ഷ്യജനനത്തിലൂടെ മനുഷ്യവംശത്തിന് കൈവന്നത്.

ക്രിസ്തുവിന്റെ മനുഷ്യജന്മം മനുഷ്യനെ മാനിക്കു വാൻ നമ്മെ നിർബന്ധിക്കുന്നു. മനുഷ്യജന്മം ദൈവി കമായ മഹത്വമുള്ളതാണെന്ന് പഠിപ്പിക്കുന്നു. ഒരു മനു ഷ്യശിശുവിന്റെ ജന്മത്തെ അതു ഗർഭസ്ഥമാകുന്ന നിമിഷം മുതൽ ആദരവോടെ കാണു വാൻ ആവശ്യപ്പെടുന്നു. മനുഷ്യജീവനെതിരെയുള്ള എല്ലാ തിന്മകളും പ്രത്യേകിച്ച്, ക്രൂരമായ ഭ്രൂണഹത്യയും ദയാവധവും ദൈവത്തിനെതിരെയുള്ള തിന്മകളാണെന്ന് നമുക്ക് മനസിലാക്കിത്തരുന്നു. മനുഷ്യർ പരസ്പരം മാനിച്ച്, സ്നേഹിച്ച് ദൈവിക മായ കൂട്ടായ്മയിൽ സഹകരിച്ച് ഒന്നിച്ച് വളരേണ്ടവരും വളർത്തേണ്ടവരുമാണെന്ന് ക്രിസ്തു നമ്മെ ഉദ്ബോധിപ്പിക്കുകയാണ്. അതിനാൽ അക്രമം, അനീതി, ഭീകരത, ജനദ്രോഹകരമായ ലൈംഗിക ദുഷ്പ്രവൃത്തികൾ, മദ്യാസക്തി ഇവയെല്ലാം ദൈവപു ത്രന്റെ മനുഷ്യത്വത്തോടുള്ള അനാദരവിന്റെയും അവഹേളനത്തിന്റെയും പ്രവൃത്തിക ളാണ്. ക്രിസ്തുവിന്റെ ജനനം ലോകത്തിനു ലഭിച്ച ഏറ്റവും ഉന്നതമായ ധാർമിക തിട്ടൂ രമാണ്.


ദൈവം സത്യമാണ്. സത്യാന്വേഷിയായ മനുഷ്യൻ ദൈവത്തെ കണ്ടെത്തുന്നു. മഹാത്മാഗാന്ധി, തന്റെ ജീവിതകഥയെ സത്യാന്വേഷണ കഥയായി കണ്ടാണ് സ്വന്തം ആത്മകഥയിൽ അവതരിപ്പിക്കുന്നത്. നമുക്കും സത്യാന്വേഷകരാവാം. സത്യത്തെ കണ്ടെത്തിയാൽ അതിനെ ആശ്ലേഷിക്കാം. സ്വാർഥതയുടെ നൈമിഷിക സന്തോഷ



ങ്ങൾക്കുവേണ്ടി സത്യത്തോട് മറുതലിക്കാതിരിക്കാം. സത്യാന്വേഷണത്തിൽ ക്രിസ്തുവിനെ അംഗീകരിച്ച വനാണ് ഗാന്ധിജി. ക്രിസ്തുവിൽ വിശ്വസിച്ചിരുന്നവ രുടെ അവിശ്വസ്തതയെ മാത്രമേ അദ്ദേഹം ചോദ്യം ചെയ്തിരുന്നുള്ളു.

ക്രിസ്തുവിലൂടെ ദൈവം വെളിപ്പെടുത്തിയ സത്യ ത്തിന്റെ സ്വഭാവം ഗ്രഹിക്കാൻ നമുക്കു പരിശ്രമിക്കാം. ക്രിസ്തു പറയുന്നു: ഞാനാണ് വഴിയും സത്യവും ജീവനും. ക്രിസ്തു മനുഷ്യന് ജീവിതത്തിന്റെ വഴിയാ ണ്. ആ വഴിയിൽ മനുഷ്യൻ സത്യം കണ്ടെത്തുന്നു. ജീവൻ പ്രാപിക്കുന്നു. വിശുദ്ധ ജീവിതം നയിച്ച ക്രൈസ്തവർക്ക് ഇതുമാത്രമാണ് ലോകത്തോടു പറ യാനുണ്ടായിരുന്നത്. ഞാൻ ക്രിസ്തുവിനെ കണ്ടെത്തി; ക്രിസ്തുവിലൂടെ ദൈവത്തെയും.

നാമോരോരുത്തരും നാം അനുഭവിക്കുന്ന ദൈവസ്നേഹത്തിന്റെ ഫലങ്ങൾ അർഹത പ്പെട്ടവർക്ക് അഭിഗമ്യമാക്കുവാൻ കടപ്പെട്ടിരിക്കുന്നു. എല്ലാം സ്വീകരിച്ചിട്ട് ഒന്നും സ്വീക രിക്കാത്ത മട്ടിൽ സ്വാർഥതയുടെ കുടീരങ്ങളിൽ കഴിയുന്നവർ ദൈവത്തെ മറക്കുന്നു എന്നു മാത്രമല്ല തങ്ങളെത്തന്നെയും മറന്നുപോകുകയാണ്. തങ്ങളുടെ ജീവിതത്തെ തന്നെ നിഷ്ഫലമാക്കുകയാണ്. ദൈവം നമ്മിൽ ജനി




ക്കുമ്പോൾ, നമ്മിലുള്ള ദൈവചൈതന്യം മറ്റുള്ള വർക്ക് നാം പകർന്നു കൊടുക്കുമ്പോൾ ആണ് യഥാർഥത്തിൽ നാം ക്രിസ്തുവിന്റെ ചൈതന്യമുള്ള വരാകുന്നത്.

ഓരോ ക്രൈസ്തവനും മറ്റൊരു ക്രിസ്തുവാക ണം. ഓരോ മനുഷ്യനും ദൈവികതയുടെ മറ്റൊരു അവതാരമാകണം. ഈ ലോകത്തിന്റെ മേഖലയെ അപ്രകാരം ദൈവികമേഖലയാക്കണം. ദൈവമുള്ളി ടത്താണ് സ്നേഹവും സമാധാനവും പൂവണിയുക. സ്നേഹവും സമാധാനവും നിത്യജീവനുമാണ് മനു ഷ്യന്റെ യഥാർത്ഥ സൗഭാഗ്യം. ഈ ദൈവരാജ്യ ത്തിന്റെ സൗഭാഗ്യം തന്നെത്തന്നെ എളിമപ്പെടുത്തു ന്നവർക്കാണ് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത്.

ഉന്നതമായ ദൈവികതയിൽ നിന്ന് എളിയ മാനുഷികതയിലേക്ക് ഇറങ്ങിവന്ന ദൈവ പുത്രനെപ്പോലെ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ അനുദിന ജീവിതം ക്രമീകരിച്ച് വിശുദ്ധ ജീവിതത്തിൽ മുന്നേറാൻ നമുക്ക് കഴിയണം.

പ്രകൃത്യാ ദൈവാന്വേഷിയാണ് മനുഷ്യൻ. എല്ലാ മതങ്ങളിലും ദൈവാന്വേഷണമു ണ്ട്. മനുഷ്യന്റെ ദൈവാന്വേഷണത്തിന്റെ കഥയായി ഓരോ മതത്തെയും കാണാവു ന്നതാണ്. ക്രൈസ്തവ വിശ്വാസത്തിൽ ദൈവാന്വേഷിയായ മനുഷ്യനോട് ദൈവം സംസാരിക്കുന്ന ചരിത്രവും ആ ചരിത്രത്തിന്റെ അനുസ്മരണവും കാണാവുന്നതാണ്. ക്രിസ്തുവിലൂടെ ദൈവം നടത്തിയ വെളിപ്പെടുത്തലുകളുടെ ആകെത്തുകയെ ക്രിസ്തു




സംഭവം എന്നാണ് ക്രൈസ്തവർ വിശേഷിപ്പിക്കുന്ന ത്. ഈ ക്രിസ്തുസംഭവം ദൈവപുത്രന്റെ മനുഷ്യാ വതാരം, ജനനം, ജീവിതം, മരണം, ഉത്ഥാനം, പരിശു ദ്ധാത്മാവിന്റെ ആഗമനം, സഭയുടെ ചരിത്രം, സഭയെ ക്രിസ്തു പിതാവായ ദൈവത്തിന് സമർപ്പിക്കുന്ന ദൗത്യം-ഇവയെല്ലാം ഉൾക്കൊള്ളുന്നതാണ്. ഈ സംഭവ സമുച്ചയം അഥവാ ക്രിസ്തുസംഭവം ചരിത്രാ തീത യാഥാർഥ്യമായി നിലകൊള്ളുന്നു.

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ദൈവപുത്രനായ യേശു ബേത്‌ലെഹെമിൽ മനുഷ്യനായി അവതരിച്ച പ്പോൾ മാലാഖമാർ ആകാശത്തിൽ പ്രത്യക്ഷപ്പെട്ടു കൊണ്ടു പാടുകയുണ്ടായി: "അത്യുന്നതങ്ങളിൽ ദൈവത്തിനുസ്തുതി. ഭൂമിയിൽ സന്മനസ്സുള്ളവർക്കു ശാന്തിയും സമാധാനവും." ദൈവത്തെ സ്വീകരിക്കു വാൻ സന്മനസുള്ളവർക്കു ശാന്തിയും സമാധാനവും ലഭിക്കും എന്നതായിരുന്നില്ലേ മാലാഖമാർ അന്നു നൽകിയ സന്ദേശം?

യേശു ജനിച്ചപ്പോൾ അവിടുത്തെ പക്കലെത്തിയ ആട്ടിടയരും കിഴക്കുനിന്നെത്തിയ ജ്ഞാനികളുമൊക്കെ ഹൃദയം നിറയെ ശാന്തിയും സമാധാനവുമായിട്ടല്ലേ തിരികെപ്പോയത്? യേശു വിന്റെ പരസ്യജീവിതകാലത്തു അവിടുത്തെ ഹൃദ യപൂർവം സമീപിച്ചവർക്കൊക്കെ അവിടുന്നു ശാന്തിയും സമാധാനവും നൽകിയില്ലേ. പാപ ത്തിന്റെ ഭാരംപേറിയവർ അവിടുത്തെ സമീപിച്ച പ്പോൾ അവരുടെ പാപങ്ങൾ മഞ്ഞുപോലെ ഉരു കിപ്പോവുകയും അവരുടെ ഹൃദയങ്ങൾ അലൗ കികമായ ശാന്തികൊണ്ട് നിറയുകയും ചെയ്തില്ലേ?

ബൈബിൾ പഠിപ്പിക്കുന്നതുപോലെ "യേശു ഇന്നലെയും ഇന്നും എന്നും അനന്യൻ തന്നെ"



(എബ്രാ. 13:8). അതുകൊണ്ടു തന്നെ അവി ടുത്തെ ഹൃദയ പൂർവം സമീപി ക്കുന്ന ആർക്കും അന്ന് എന്നതു പോലെ ഇന്നും ശാന്തിയും സമാ ധാനവും നിത്യ ജീവനും ലഭിക്കു മെന്നു വ്യക്ത മാണ്.


**വേദാഭിമാനി**
APRIL

ചീഫ് എഡിറ്റർ
**ടൈറ്റസ് കാർത്തികപ്പള്ളി**

മാനേജർ
**എബ്രഹാം മത്തായി (സണ്ണി)**

പബ്ലിഷർ
**കെ. സി. വർഗ്ഗീസ്, കല്ലുമണ്ണിൽ**

കോ-ഓർഡിനേറ്റർ
**തോമസ് വർക്കി**

വാർഷിക വരിസംഖ്യ
ഇന്ത്യ - Rs. 100
യു.എസ്.എ. - $25
മറ്റു രാജ്യങ്ങൾ - Rs.1000

എല്ലാ രാജ്യങ്ങളിലും
വേദാഭിമാനി ലഭിക്കുന്നതാണ്
വരിസംഖ്യ അയക്കേണ്ട വിലാസം
**വേദാഭിമാനി**
കേരള - 690 516



# ഏലിയുടെ പുത്രന്മാർ

ആത്മീയ നേതൃത്വത്തിന്റെ വിശുദ്ധിയും അന്തസും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാലമാണിത്. അഴിമതി, തമ്മിൽതല്ല്, തൊഴുത്തിൽകുത്ത് തുടങ്ങി ആത്മീയവിശുദ്ധി നഷ്ടപ്പെടുത്തുന്ന പ്രവർത്തികളിൽ ഇവർ വ്യാപൃതരായിരിക്കുന്നു. വ്യക്തിഗത സുഖത്തിനായി ദൈവത്തെ ചൂഷണം ചെയ്യുന്ന ഇവർ തെറ്റായ ദിശയിൽ വിശ്വാസ സമൂഹത്തെ വലിച്ചിഴയ്ക്കുകയാണ്. ധാർമ്മിക ഉത്തരവാദിത്വം ഇവർ മറന്നു. ദൈവത്തെ മുൻനിർത്തി വിശ്വാസികളെ ചൂഷണം ചെയ്ത് മുതൽമുടക്കില്ലാതെ ഇവർ മുതലാളിമാരായി. കുടുംബമായി അധികാരം കയ്യടക്കി സഭയുടെ സമ്പത്ത് കൊള്ളയടിക്കുന്ന പ്രവണത സാക്രമികരോഗമായി പടർന്നുപിടിച്ചിരിക്കുന്നു. ബിനാമിയിൽ വൻ സാമ്രാജ്യങ്ങൾ കെട്ടിപ്പടുക്കുവാനുള്ള വ്യഗ്രതയും നാടുനീളെ സ്വന്തം ഫ്ളക്സുകൾ സ്ഥാപിച്ച് ആസ്വദിക്കുന്ന നാർസിസ്റ്റിക് പ്രവണതയും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഏലിയുടെ പുത്രന്മാരെ ഓർത്തുപോകുന്നു.

ഏലിയുടെ പുത്രന്മാർ നീചന്മാരും യഹോവയെ ഓർക്കാത്തവരും ആയിരുന്നു. ഏലിയാണെങ്കിൽ യിസ്രായേൽമക്കളുടെ പ്രധാനപുരോഹിതനും. രാജത്വം നിലവിൽ വരുന്നതിനുമുമ്പ് പുരോഹിതൻ സമൂഹത്തിൽ എല്ലാതലങ്ങളിലും നേതൃത്വം വഹിച്ചിരുന്നു-ജനങ്ങളുടെ ന്യായാധിപതിയും അവരെ യുദ്ധത്തിൽ നയിക്കേണ്ട നേതാവും. അങ്ങനെ എല്ലാ തലങ്ങളിലും ജനങ്ങൾ പുരോഹിതരെ ആശ്രയിച്ചിരുന്നു. ദൈവം ഏലിക്കു രണ്ടു പുത്രന്മാരെ നൽകി-ഹൊഫ്നിയും ഫീനെഹാസും. അവരും പുരോഹിതവൃത്തി ജീവിതമാർഗ്ഗമായി സ്വീകരിച്ചു. പുരോഹിതവൃത്തിയേക്കാൾ അഴിമതിക്കായിരുന്നു അവർ പ്രാധാന്യം നൽകിയത്. ദൈവത്തിനുവേണ്ടി അർപ്പിക്കുന്നതിൽ പ്രധാനഭാഗം തങ്ങൾക്കുള്ളതാണെന്ന് അവർ അവകാശപ്പെട്ടു. അതായത്, തങ്ങളുടെ വിളിയും ദൗത്യവും സ്വാർത്ഥതയ്ക്കുവേണ്ടി ദുരുപയോഗപ്പെടുത്തി.

ഇന്നത്തെ സഭാജീവിതത്തിലും വിളിയും ദൗത്യവും സ്ഥാനവും ഈ വിധത്തിൽ ദുരുപയോഗപ്പെടുത്തുന്നില്ലയോ? ആത്മീയവും നിത്യവുമായുള്ളതിനുപകരം ഭൗതികവും നശ്വരവുമായതിൽ മാത്രം ശ്രദ്ധിക്കുവാൻ ഇന്ന് വെമ്പൽ കൊള്ളുന്നില്ലയോ? ആത്മാക്കളെ നേടുന്നതിനും ക്രിസ്തീയ വളർച്ചയ്ക്ക് പ്രാധാന്യം കല്പിക്കുന്നതിനും പകരം ഭൗതികവളർച്ചയ്ക്കല്ലേ ഇന്നു സഭകൾ പ്രാധാന്യം കല്പിക്കുന്നത്.

ഏലി നല്ല മനുഷ്യനായിരുന്നു. പക്ഷേ തന്റെ കർത്തവ്യങ്ങളിൽ, പ്രത്യേകിച്ച്,പുത്രന്മാരെ അവരുടെ അഴിമതികളിൽ നിന്നു പിന്തിരിപ്പിക്കുന്നതിലും കർത്തവ്യങ്ങളിൽ ബോധവാന്മാരാക്കുന്നതിലും പരാജയപ്പെട്ടു. വെറും ബാലനായിരുന്ന ശമുവേലിൽക്കൂടി ദൈവം ഏലിക്കു മുന്നറിയിപ്പ് നൽകി. അതു മനസ്സിലാക്കുവാൻ ഏലിക്കു കഴിഞ്ഞുവെങ്കിലും ഒരു ശുദ്ധീകരണത്തിന് നേതൃത്വം കൊടുക്കുവാൻ ഏലിക്കു കഴിഞ്ഞില്ല. എത്ര സങ്കടകരമായ ഒരു അവസ്ഥ! മാനസാന്തരത്തിനുള്ള അവസരം ഹൊഫ്നിയും ഹീനെഹാസും നഷ്ടപ്പെടുത്തി. ഇതെല്ലാം ഏറ്റവും വലിയ ഒരു അനർത്ഥത്തിലാണ് അവസാനിച്ചത്.

മുപ്പതിനായിരം യിസ്രായേല്യർ കൊല്ലപ്പെട്ടു. ഹൊഫ്നിയും ഫീനെഹാസും പട്ടുപോയി.

അതിലും ഉപരിയായി, ദൈവമാണ് തങ്ങളെ നയിക്കുന്നതെന്നതിന്റെ ഏറ്റവും വലിയ ചിഹ്നമായി കാത്തുസൂക്ഷിച്ചിരുന്ന പെട്ടകവും അവർ നഷ്ടമാക്കി.

ഏലി പടിവാതിൽക്കൽ ആസനത്തിൽ നിന്ന് പുറകോട്ടു വീണു കഴുത്തൊടിഞ്ഞു മരിച്ചു.

ഫെലിസ്ത്യർ അന്നുകൊണ്ടുപോയ പെട്ടകം തിരിച്ച് അവർ നൽകിയെങ്കിലും അത് സ്വീകരിച്ച അമ്പതിനായിരം പേർ മരിച്ചുപോയി. ചെയ്യരുതാത്തത് ചെയ്തുപോകുന്നതുപോലുള്ള കഠിനപാപമത്രേ, ചെയ്യേണ്ടത് ചെയ്യാതിരിക്കുക എന്നത്. നല്ല മനുഷ്യനായ ഏലി ആ പാപത്തിൽ വീണുപോയി. നേതൃത്വത്തിന്റെ ഈ പാപം സമൂഹത്തിന് ആകമാനം നാശം വിതയ്ക്കുന്നതാണ്. ശുദ്ധീകരിക്കപ്പെട്ടതും മാനസാന്തരപ്പെട്ടതും ക്രിയാത്മകവും നിസ്വാർത്ഥവുമായ നേതൃത്വം ലഭിക്കുന്നതിനുവേണ്ടി നിരന്തരം ആത്മാർത്ഥമായി പ്രാർത്ഥിക്കുക.

**ഓർക്കുക** "ശ്രേഷ്ഠന്മാർ ഏതുകർമ്മം ആചരിക്കുന്നുവോ അതു സാധാരണ ജനങ്ങളും അനുവർത്തിക്കുന്നു. അവരുടെ പ്രമാണങ്ങളെ ആദർശവത്കരിച്ചു സാധാരണക്കാർ ജീവിക്കുന്നു."

ആത്മീയ നേതൃത്വം ഒട്ടുമാങ്ങാ പോലെ ഗ്രാഫ്റ്റ് ചെയ്തുണ്ടാക്കാവുന്നതല്ല. ക്രിസ്തുവിലൂടെ ആത്മീയ ഉന്നതിയിൽ സ്വയം ഉരുത്തിരിഞ്ഞു മറ്റുള്ളവരിലേക്കു സംക്രമിക്കേണ്ട പ്രതിഭാസമാണത്.

# മാതൃഭാഷയിൽ ഒരു വേദപുസ്തകം
# വസ്തുതകൾ യാഥാർത്ഥ്യങ്ങൾ

**ഡോ. വർഗീസ് മാത്യു**

**2000** വർഷത്തിനടുത്തു ക്രൈസ്തവ പാരമ്പര്യമുള്ള ക്രിസ്ത്യാനികളുടെ ഒരു സമൂഹമാണു കേരളത്തിലുള്ളതെങ്കിലും അവർക്കു മലയാള ഭാഷയിൽ വേദപുസ്തകം ലഭ്യമായിട്ട് ഏതാണ്ട് ഇരുന്നൂറു വർഷമേ ആകുന്നുള്ളൂ. മാതൃഭാഷയിൽ വേദപുസ്തകം ലഭ്യമായതോടുകൂടി യഥാർഥ ക്രൈസ്തവ വിശ്വാസത്തെ തൊട്ടറിയാൻ അവർക്കു കഴിയുകയും ചെയ്തു. അതോടൊപ്പം നവീകരണത്തിന്റെ വിത്തുകൾ പാകാനും വേദപുസ്തക ഭാഷാന്തരം കാരണമായതായി കരുതാം.

1797-ൽ ചാപ്ലയിനായി കൽക്കട്ടയിലേക്കു വന്ന ക്ലോഡിയസ് ബുക്കാനനാണു ഭാരതീയ ഭാഷകളിലേക്കു ബൈബിൾ വിവർത്തനം ചെയ്യാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തത്. ഗവർണർ ജനറൽ വെല്ലസ്ലി ചുമതലപ്പെടുത്തിയതനുസരിച്ചു തിരുവിതാംകൂറിലേയും കൊച്ചിയിലേയും സുറിയാനി ക്രിസ്ത്യാനികളെക്കുറിച്ച് അന്വേഷിച്ചു റിപ്പോർട്ട് നൽകാൻ 1806-ൽ ബുക്കാനൻ കേരളത്തിലെത്തി. ഇതിനെത്തുടർന്നാണു മലയാള ബൈബിൾ പരിഭാഷയ്ക്കുള്ള ശ്രമങ്ങൾ ആരംഭിക്കുന്നത്.

കായംകുളം പീലിപ്പോസ് റമ്പാന്റെ പേരിൽ 'റമ്പാൻ ബൈബിൾ' എന്നാണ് ആദ്യ മലയാള ബൈബിൾ പരിഭാഷ അറിയപ്പെടുന്നതെങ്കിലും വിവർത്തനത്തിനു പിന്നിൽ പ്രവർത്തിച്ചതു ബുക്കാനനും കേണൽ മക്കാളയുമായിരുന്നു. 1807 മുതൽ ബൈബിളിന്റെ മലയാള പരിഭാഷ വന്നു തുടങ്ങി. എങ്കിലും നാലു സുവിശേഷങ്ങൾ അടങ്ങുന്ന പുസ്തകം സുറിയാനി ഭാഷയിൽ നിന്നു നേരിട്ടു പരിഭാഷപ്പെടുത്തി അച്ചടിച്ചു പ്രസിദ്ധീകരിച്ചത് 1810-ഓടു കൂടിയായിരുന്നു.

ബൈബിളിനു രണ്ടു ഭാഗങ്ങളുണ്ട്. പഴയനിയമവും പുതിയനിയമവും. ഉൽപത്തിയും ഇസ്രായേലിന്റെ ചരിത്രവുമാണു പഴയനിയമം. യേശുവിന്റെ ജീവിതവും മരണവും മഹത്വീകരണവും സഭയുടെ ചരിത്രവും പുതിയനിയമത്തിൽ എഴുതപ്പെട്ടിരിക്കുന്നു. പഴയനിയമ ഗ്രന്ഥങ്ങളെ ചരിത്രപരം, പ്രവചനപരം, പ്രബോധനപരം എന്നിങ്ങനെ മൂന്നായി തിരിക്കാം. സങ്കീർത്തനക്കാരൻ വിശുദ്ധ വേദപുസ്തകത്തേക്കുറിച്ചു പറയുന്നത് "ദൈവവചനം ജീവദായകമാണ്. അതു മനുഷ്യന്റെ പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമാണ് (സങ്കീ. 105, 110) എന്നത്രേ.

വേദപുസ്തകത്തിന്റെ മലയാള പരിഭാഷയ്ക്കു മേൽനോട്ടം വഹിച്ചതു മാർ ദീവന്നാസ്യോസ് എന്ന ആറാം മാർത്തോമ്മയായിരുന്നു. 'ക്ലോഡിയസ് ബുക്കാനൻ 82-മാണ്ടു തുലാമാസം വരെ മാവേലിക്കര, റാന്നി, നിരണം പള്ളികളിൽ സന്ദർശനം നടത്തി വൃശ്ചികമാസം 11-നു കണ്ടനാട്ടു വന്ന് അച്ചനെ (മാർ ദീവന്നാസ്യോസ്) കണ്ടു എന്നു നിരണം ഗ്രന്ഥവരിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1400 വർഷം പഴക്കമുണ്ടെന്നു വിശ്വസിക്കപ്പെട്ടിരുന്ന പകർത്തിയെഴുതിയതും ജീർണിച്ച നിലയിലുള്ളതുമായ ഒരു വേദപുസ്തകം (സുറിയാനി) മാവേലിക്കരയിൽ വച്ചു കല്ലറയ്ക്കൽ തോമ്മാ കത്തനാർ ബുക്കാനനെ കാണിച്ചിരുന്നു. കണ്ടനാട്ട് എത്തിതന്നെ കണ്ട ബുക്കാനന് ആയിരം വർഷം പഴക്കമുണ്ടെന്നു കരുതപ്പെടുന്ന തോൽച്ചുരുളിലുള്ള ഒരു സുറിയാനി വേദപുസ്തകം ആറാം മാർത്തോമ്മാ നൽകിയത് അദ്ദേഹം കടലാസിൽ പകർത്തി ഇംഗ്ലണ്ടിൽ കൊണ്ടുപോയി അച്ചടിച്ചു നൽകി.

മാർ ദീവന്നാസ്യോസ് കായംകുളം ഫിലിപ്പോസ് റമ്പാനെയാണു ബൈബിൾ വിവർത്തനത്തിന്റെ ചുമതല ഏല്പിച്ചത്. "റമ്പാൻ പൊരുൾ തിരിച്ചെഴുതുവാനായിട്ട് കുംഭം 18-നു മുമ്പ് എഴുതിത്തുടങ്ങി.' പൊസ്തകം പൊരുൾ തിരിച്ച് മലയാൺമയിൽ എഴുതിക്കണമെന്നു പലപ്പോഴും പറകയും എഴുത്തു വരികയും ചെയ്തതിന്, തഞ്ചാവൂർ നിന്നു പഴമയും പുതുമയും തമിഴിൽ അച്ചടിച്ച പുസ്തകം വരുത്തി ആയതും സുറിയാനിയിൽ ഇവിടെ എഴുതിയിട്ടുള്ള പുസ്തകങ്ങളും കൂടി നോക്കണമെന്നും ആയതിനു പൊരുൾ തിരിക്കുന്നവർക്കും എഴുത്തുകാർക്കും ശമ്പളം കൊടുക്കണമെന്നും പറഞ്ഞാറെ, ആയതു വേണ്ടായെന്നും ഇവിടെത്തന്നെ പൊരുൾ തിരിപ്പിച്ച് എഴുതിക്കണമെന്നും പറഞ്ഞതിന്റെ ശേഷം കൊച്ചിയിൽ നിന്നും തിമ്മപ്പൻപിള്ള എന്ന ചെട്ടിയെ ശമ്പളവും കൊടുത്തു കണ്ടനാട്ടിനു പറഞ്ഞയച്ചു" എന്നു വേദപുസ്തക വിവർത്തനത്തിന്റെ വിവരങ്ങൾ ഗ്രന്ഥവരിയിൽ കാണുന്നു.

നാട്ടുക്രിസ്ത്യാനികൾക്ക് അവരുടെ മാതൃഭാഷയിൽ തിരുവചനത്തിന്റെ പൊരുൾ ഗ്രഹിക്കാനായതു കേരള ക്രൈസ്തവ സമൂഹത്തെ കുറച്ചൊന്നുമല്ല ശക്തിപ്പെടുത്തിയത്. താൻ പരിഭാഷപ്പെടുത്തിയ 'റമ്പാൻ ബൈബിൾ' അച്ചടിച്ചു വിതരണം ചെയ്തു കണ്ട നിർവൃതിയോടെയാണ് 1812-ൽ പീലിപ്പോസ് റമ്പാൻ യാത്രയായത്. എന്നാൽ, ബൈബിളിന്റെ ഒരു സമ്പൂർണ പരിഭാഷ ലഭിക്കുന്നത് 1841-42ൽ കോട്ടയം സി.എം.എസ്. പ്രസിൽ പ്രസിദ്ധീകരിച്ച മലയാളം ബൈബിളിലൂടെയാണ്. അതിനുശേഷം നിധീരിക്കൽ മാണിക്കത്തനാരുടേതടക്കം നിരവധി മലയാള ബൈബിൾ വിവർത്തനങ്ങൾ നമുക്കു ലഭ്യമായിട്ടുണ്ട്. ഇന്ന് ഏറ്റവും അധികം പ്രചാരത്തിലിരിക്കുന്ന ബൈബിൾ വിവർത്തനം (സത്യവേദപുസ്തകം) 1910ൽ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യാ പ്രസിദ്ധീകരിച്ചതാണ്.







ഇംഗ്ലീഷിലെ പല വാക്കുകളും ഉണ്ടായതിനു പിന്നിൽ പല കഥകളുമുണ്ട്. വാക്കുകൾ തമ്മിൽച്ചേർത്തും കൂട്ടിയും കുറച്ചുമെല്ലാം ഉണ്ടാക്കിയെടുത്ത കുറേ ഇംഗ്ലീഷ് വാക്കുകൾ ഉണ്ട്. അബദ്ധത്തിൽ വാക്കുകൾ ഉണ്ടായിപ്പോയ ചരിത്രവും ഇംഗ്ലീഷിനുണ്ട്! നമ്മുടെ ഡിക്ഷണറിയിലുള്ള നാനൂറോളം ഇംഗ്ലീഷ് വാക്കുകൾ പലതും അക്ഷരത്തെറ്റുകൾ കൊണ്ടും തെറ്റായി ഉച്ചരിക്കപ്പെട്ടതിന്റെയും ഫലമായി ഉണ്ടായിട്ടുള്ളതാണ്.

Button Hole എന്ന് കേട്ടിട്ടില്ലേ? ഷർട്ടിന്റെ ബട്ടണുകൾ ഇടുന്നതിനുള്ള ദ്വാരം തന്നെ. ഈ വാക്ക് ഉണ്ടായത് ഒരു ചെറിയ പിശകിൽ നിന്നാണ്. Button Hold എന്ന വാക്കിലെ 'd'യെ ആരോ വെട്ടിച്ചുരുക്കിയാണ് Button Hole എന്ന വാക്ക് ഉണ്ടായത്.

കേട്ടുകേൾവിയിലെ പിഴവുമൂലം ഉണ്ടായ ഒരു വാക്കാണ് Penthouse. പല നിലകളുള്ള ഒരു കെട്ടിടത്തിലെ ഏറ്റവും ഉയരത്തിലുള്ള ഫ്ളാറ്റിനെ പറയുന്ന പേരാണിത്. Pentice എന്ന വാക്കിന് രൂപമാറ്റം സംഭവിച്ചാണ് Penthouse ഉണ്ടായത്.

ഇനി നമുക്കെല്ലാം സുപരിചിതമായ Orange എന്ന വാക്കോ? 'നാരങ്' (Naranj) എന്നാണ് ഓറഞ്ചിന്റെ സംസ്കൃതം വാക്ക്. അതായത് നമ്മുടെ 'നാരങ്ങ' തന്നെ! ഈ വാക്ക് അറബിയിൽ പറഞ്ഞപ്പോൾ Naranjah എന്നായി. പിന്നീടത് ഇംഗ്ലീഷിലെത്തിയപ്പോഴോ? ഇംഗ്ലീഷിൽ ഈ പഴത്തിനെ A Naranj എന്നായിരുന്നു ഉച്ചരിച്ചത്. തീർന്നില്ല, പിന്നീട് ഈ വാക്കിലെ 'a' യും 'n' ഉം തമ്മിലങ്ങു ചേർന്നു. അങ്ങനെ ആ പഴത്തിന്റെ വാക്ക് ഇംഗ്ലീഷിൽ An Aranj എന്നായി. പിന്നീട് ഉച്ചാരണത്തിലെ മാറ്റങ്ങൾ കൊണ്ട് An Orange എന്നാവുകയും ചെയ്തു!

## വീക്ഷണവിശേഷം



മൂന്നുമാസം മാത്രം നീണ്ടു നിന്ന ഔദ്യോഗിക വിദ്യാഭ്യാസം. പിന്നീട് വീട്ടിലിരുന്ന് അമ്മയിൽ നിന്ന് വായിക്കുവാനും എഴുതുവാനും കണക്കുകൂട്ടുവാനും പഠിച്ചു. വീട്ടിലെ സാമ്പത്തിക ബുദ്ധിമുട്ടുമൂലം പതിമൂന്നാം വയസിൽ ട്രെയിനിൽ പത്രം വിൽക്കുന്ന ന്യൂസ് പേപ്പർ ബോയി ആയും പച്ചക്കറി വില്പനക്കാരനായും ജോലി ചെയ്തു.

ജോലിക്കിടയിൽ ജിമ്മി മക്കെൻസി എന്ന മൂന്നുവയസുകാരനെ ഓടിക്കൊണ്ടിരുന്ന ട്രെയിനുമുന്നിൽ നിന്ന് അതിസാഹസികമായി രക്ഷപെടുത്തി. അതിനുള്ള സമ്മാനമെന്നവണ്ണം ജിമ്മിയുടെ പിതാവും ടെലഗ്രാഫ് ഓപ്പറേറ്ററുമായിരുന്ന ജെ.യു.മക്കെൻസി തന്റെ പുത്രന്റെ രക്ഷകനെ ടെലഗ്രാഫ് ഓപ്പറേറ്ററായി പരിശീലിപ്പിച്ചു.

ടെലഗ്രാഫ് ഓപ്പറേറ്ററായി അന്നു ജോലി തുടങ്ങിയ ആ കൗമാരക്കാരനാണ് തോമസ് ആൽവ എഡിസൻ (1847–1931) എന്ന പേരിൽ പിൽക്കാലത്തു ലോകപ്രശസ്തനായിത്തീർന്നത്. ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾക്കു വഴി തെളിച്ച നിരവധി കണ്ടുപിടിത്തങ്ങളാണ് അദ്ദേഹത്തിന്റെ പേരിലുള്ളത്. അമേരിക്കയിൽ മാത്രം 1093 കണ്ടുപിടിത്തങ്ങൾക്കാണ് അദ്ദേഹത്തിന്റെ പേരിൽ പേറ്റന്റുള്ളത്.

എഡിസന്റെ പരിചിതമായ കഥ ഇവിടെ വീണ്ടും അവതരിപ്പിച്ചിരിക്കുന്നത് അദ്ദേഹത്തിന്റെ നേട്ടങ്ങൾ ഓർമിക്കുവാൻ വേണ്ടി മാത്രമല്ല, പ്രത്യുത അദ്ദേഹത്തിന്റെ വീക്ഷണവിശേഷം പങ്കുവയ്ക്കുവാൻ വേണ്ടി കൂടിയാണ്. അദ്ദേഹം ഒരിക്കൽ പറഞ്ഞു:"നമുക്കു ചെയ്യുവാൻ സാധിക്കുന്ന കാര്യമെല്ലാം നമ്മൾ ചെയ്യുകയാണെങ്കിൽ നാം നമ്മെത്തന്നെ അത്ഭുതപ്പെടുത്തും.

എഡിസൻ മഹാബുദ്ധിമാനായിരുന്നതുകൊണ്ടാണു അദ്ദേഹം വൻനേട്ടങ്ങൾ നേടിയെടുത്തതെന്ന് കരുതാം. പക്ഷേ, അദ്ദേഹം പറയുന്നു:"പ്രതിഭ (ജീനിയസ്) എന്നു പറയുന്നതു ഒരു ശതമാനം കഴിവും തൊണ്ണൂറ്റിയൊമ്പതു ശതമാനം കഠിനാധ്വാനവുമാണ്." എഡിസനു കഴിവുണ്ടായിരുന്നു എന്നതു ശരിതന്നെ. എന്നാൽ, അതിലെല്ലാം ഉപരിയായി തന്റെ കഴിവുമുഴുവൻ വിനിയോഗിച്ചു പ്രവർത്തിക്കുവാൻ അദ്ദേഹം തയാറായി എന്നതാണു വാസ്തവം. എഡിസന്റെ ഈ മനോഭാവത്തോടുകൂടി നാം പ്രവർത്തിച്ചാൽ നാം നമ്മേത്തന്നെ അത്ഭുതപ്പെടുത്തുമെന്നു തീർച്ചയാണ്.



## ലക്ഷണങ്ങൾ കണ്ടിട്ട്

സുഗതൻ എന്നൊരു യുവാവ് കാട്ടിലൂടെ തന്റെ കുതിരപ്പുറത്ത് വരികയായിരുന്നു. ഇടയ്ക്ക് ഒരു കാട്ടരുവിയിൽനിന്ന് വെള്ളം കുടിക്കാൻ അവൻ കുതിരയെ നിർത്തി. ദാഹം തീർത്ത് തിരിഞ്ഞുനോക്കിയപ്പോൾ കുതിരയെ കാണാനില്ല!

അപ്പോഴാണ് രാംലാൽ എന്ന വൃദ്ധൻ അതുവഴി വന്നത്. കുതിരയുടെ പേരു ചൊല്ലിവിളിച്ച് അലയുന്ന സുഗതനോട് രാംലാൽ ചോദിച്ചു: "അതിന്റെ ഇടത്തേ കണ്ണിന് കാഴ്ച കുറവായിരുന്നോ? ഒരു കാലിന് അല്പം സ്വാധീനക്കുറവുള്ള കുതിരയായിരുന്നോ അത്?"

"അതെ, അതുതന്നെ! എവിടെ എന്റെ കുതിര?" സുഗതൻ ആകാംക്ഷയോടെ ചോദിച്ചു.

"ഞാൻ കണ്ടില്ല!", വൃദ്ധൻ കൈമലർത്തി.

"ഹും, നുണയൻ!", സുഗതൻ ഒച്ചവെച്ചു: "എന്റെ കുതിരയുടെ എല്ലാ ലക്ഷണങ്ങളും താങ്കൾക്കറിയാം. എന്നിട്ട് അതിനെ കണ്ടില്ലെന്ന് നുണ പറയുന്നോ? വഞ്ചകൻ!"

സുഗതൻ നേരെ കൊട്ടാരത്തിലേക്ക് ഓടി. തന്നെക്കുറിച്ച് പരാതി കൊടുക്കാനാണ് ആ ഓട്ടമെന്നു മനസ്സിലാക്കിയ വൃദ്ധൻ അവന്റെ പിന്നാലെ കൊട്ടാരത്തിലേക്കുതന്നെ നടന്നു.

രാംലാൽ ചെല്ലുമ്പോൾ സുഗതൻ കാര്യങ്ങളെല്ലാം രാജാവിനോട് വിവരിക്കുകയായിരുന്നു. അപ്പോൾ രാജാവിനു മുന്നിലേക്ക് ചെന്നിട്ട് രാംലാൽ പറഞ്ഞു:"മഹാരാജൻ, ഞാൻ പറയുന്നത് മുഴുവൻ കേൾക്കാതെ ഇയാൾ എന്നെ കള്ളനാക്കാൻ ശ്രമിക്കുകയാണ്!"

അതുകേട്ടപ്പോൾ സുഗതൻ പറഞ്ഞു:"ഇയാൾക്ക് എന്റെ കുതിര മുടന്തനാണെന്ന കാര്യം അറിയാം. എന്റെ കുതിരയുടെ ഒരു കണ്ണിന് കാഴ്ച കുറവാണെന്നും അറിയാം. പക്ഷേ എന്റെ കുതിരയെ ഇയാൾ കണ്ടിട്ടില്ലെന്നാണ് പറയുന്നത്. അതെങ്ങനെ ശരിയാകും?"

അപ്പോൾ രാംലാൽ പുഞ്ചിരിയോടെ പറഞ്ഞു: "കുതിരയുടെ ലക്ഷണങ്ങൾ ഞാൻ പറഞ്ഞു എന്ന് ഇയാൾ പറഞ്ഞത് ശരിതന്നെ. അതു പറയാൻ പക്ഷേ ഒരാൾക്ക് നേരിട്ടു കുതിരയെ കാണണമെന്നില്ലല്ലോ!"



അതു കേട്ടിട്ട് രാജാവിനും ഒന്നും മനസ്സിലായില്ല. "അതെങ്ങനെ?" അദ്ദേഹം ചോദിച്ചു.

"പറയാം", രാംലാൽ പറഞ്ഞു:"ഞാൻ കാട്ടിലേക്കു വരുന്ന വഴിയിൽ ഒരു കുതിരയുടെ കുളമ്പടയാളങ്ങൾ കണ്ടിരുന്നു. ശ്രദ്ധിച്ചു നോക്കിയപ്പോൾ അതിന്റെ മൂന്നു കാലുകൾ മാത്രമേ മണ്ണിൽ ശരിക്കും പതിഞ്ഞിട്ടുള്ളു എന്ന് മനസ്സിലായി. അതുപോലെ വഴിയുടെ ഇരുവശത്തും കുതിരകൾക്ക് തിന്നാൻ ഇഷ്ടമുള്ള ഒരിനം പച്ചിലകൾ നിറയെ ഉണ്ടായിരുന്നു. എന്നാൽ ഒരു വശത്തുള്ള ഇലകൾ മാത്രമേ അതുവഴി കടന്നുപോയ കുതിര കടിച്ചു തിന്നിട്ടുള്ളു എന്നും എനിക്ക് മനസ്സിലായി. അങ്ങനെയാണ് ആ കുതിര മുടന്തനും ഒറ്റക്കണ്ണനുമാണെന്ന് ഞാൻ ഊഹിച്ചത്!"

രാംലാലിന്റെ ബുദ്ധിശക്തിയിൽ രാജാവിന് മതിപ്പുതോന്നി. കുതിരയെ തേടിപ്പിടിച്ച് സുഗതനെ ഏല്പിക്കാൻ ഭടന്മാരെ ചുമതലപ്പെടുത്തിയിട്ട് രാജാവ് സുഗതനോട് പറഞ്ഞു: "ഏതു കാര്യവും കണ്ടുമാത്രമേ നമുക്കു മനസ്സിലാക്കാനാവൂ എന്നു കരുതുന്നത് മണ്ടത്തരമാണെന്ന് എന്നേയും ഈ വൃദ്ധൻ പഠിപ്പിച്ചിരിക്കുന്നു. സൂക്ഷ്മദൃക്കായ ഒരു ബുദ്ധിമാന് തന്റെ ചുറ്റുപാടുമുള്ള ലക്ഷണങ്ങളിൽ നിന്നുതന്നെ കാര്യങ്ങളുടെ സത്യസ്ഥിതി മനസ്സിലാക്കുവാൻ സാധിക്കും എന്ന് ഇപ്പോൾ മനസ്സിലായില്ലേ?"

**ഭൂമിയും അതിന്റെ ഘടനയും പ്രാപഞ്ചിക ലക്ഷണങ്ങളും കണ്ടിട്ട് ബുദ്ധിയുള്ള ആർക്കെങ്കിലും ദൈവമില്ലായെന്ന് പറയാൻ കഴിയുമോ?**

### ഇംഗ്ലീഷ് ദത്തെടുത്ത വാക്കുകൾ:

ഇനി ഇംഗ്ലീഷ് ഭാഷ മറ്റു ഭാഷകളിൽനിന്ന് ദത്തെടുത്ത ചില വാക്കുകൾ കേട്ടോളൂ, ഉരുളക്കിഴങ്ങ് എന്ന Potato ഇംഗ്ലീഷിലേക്ക് വന്നത് ഹെയ്തി എന്ന രാജ്യത്തുനിന്നാണ്. നമ്മുടെ സ്വീകരണമുറിയിലുള്ള Sofa എന്ന വാക്ക് അറബിയിൽനിന്ന് ഉണ്ടായതാണ് അതുപോലെ നമുക്ക് പരിചിതങ്ങളായ Cash. Deposit, Canteen, Studio, Golf, Escort, Pants, Gallary, Attack എന്നീ വാക്കുകളെല്ലാം ഇറ്റാലിയൻ ഭാഷയിൽ നിന്ന് ഇംഗ്ലീഷിലേക്ക് വന്നതാണ്.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# മരണവും മരണാനന്തരജീവിതവും

## പഠനപരമ്പര

**ഭാ**വിയിൽ എന്തു സംഭവിക്കുമെന്നറിയുവാൻ നമുക്ക് മിക്കപേർക്കും ആഗ്രഹമുണ്ട്. ഭാവി പ്രവചിക്കുവാൻ കഴിയുമെന്ന് അവകാശപ്പെടുന്നവർ ചില മേഖലകളിൽ പ്രചാരമുള്ളവരാണ്. ഉദ്വേഗം ജനിപ്പിക്കുന്ന പുസ്തകം വായിക്കുമ്പോൾ ഇനി എന്തായിരിക്കുമെന്ന് നമുക്ക് ആകാംക്ഷയുണ്ടാകും, അവസാനം എന്തു സംഭവിച്ചു എന്നറിയുവാൻ നാം പലപ്പോഴും പുസ്തകത്തിന്റെ അവസാനതാളുകൾ നോക്കും. മരണശേഷം സംഭവിക്കുന്നതെന്തായിരിക്കുമെന്നറിയുവാൻ നമ്മിൽ മിക്കപേർക്കും താല്പര്യമുണ്ട്.

നാം അറിയുവാൻ ആഗ്രഹിക്കുന്നതെല്ലാം ദൈവം വെളിപ്പെടുത്തിയിട്ടില്ലായിരിക്കാം, എന്നാൽ നാം മരണവാതിലിലൂടെ കടന്നുകഴിയുമ്പോൾ, ഈ ജീവിതത്തിനുശേഷം വലിയ നാടകീയ സംഭവങ്ങൾ വരാനിരിക്കുന്നതായി അവൻ വെളിപ്പെടുത്തിയിട്ടുണ്ട്.

തങ്ങൾ മരിക്കുമെന്ന് ജീവിച്ചിരിക്കുന്നവർ അറിയുന്നു (സഭാപ്ര. 9:5). നാം എത്ര നാൾ ജീവിച്ചിരിക്കുമെന്ന് നമുക്ക് അറിയില്ല. നാം നമുക്ക് തീർച്ചയുള്ള മരണാനന്തര ജീവിതത്തിനുവേണ്ടി അല്പം മാത്രം സമയം ചെലവിടുകയും തീർച്ചയില്ലാത്ത ഭൗതീക ജീവിതത്തിനുവേണ്ടി വളരെയധികം സമയം പാഴാക്കുകയും ചെയ്യുന്നു.

നാം എന്തുകൊണ്ടാണ് മരണത്തെ ഭയപ്പെടുകയും മരണശേഷം എന്തു സംഭവിക്കുമെന്നതിനെകുറിച്ച് ആകാംക്ഷയുമുള്ളവരാകുന്നത്? എന്താണ് മരണാനുഭവം? അതു നമ്മെ എങ്ങനെ ബാധിക്കും? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം മനസിലാക്കുമ്പോൾ മരണത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടിനും, മരണത്തോടുള്ള നമ്മുടെ മനോഭാവത്തിനും വ്യത്യാസം വരും. അതു നമ്മുടെ ജീവിതത്തെ സ്വാധീനിക്കയും, നമുക്ക് പ്രത്യാശ നൽകുകയും, മരണത്തെ നേരിടുന്നതിനു തയ്യാറെടുക്കുവാൻ നമ്മെ പ്രചോദിപ്പിക്കയും ചെയ്യും.



മരണശേഷം എന്തു സംഭവിക്കും, മരണാനന്തര ജീവിതത്തെകുറിച്ചുള്ള ഉറപ്പ്, മനുഷ്യന്റെ മരണത്തിനും ഉയർപ്പിനും ഇടയ്ക്കുള്ള നിലനിൽപ് എന്നിവ തുടർന്നുള്ള ലക്കങ്ങളിൽ പരിഗണിക്കുന്നതാണ്.

പാപം നിമിത്തമാണ് മരണം ലോകത്തിലേക്ക് വന്നത് (ഉല്പ. 3:17-19; റോമ. 5:12; 1 കൊരി. 15:22). ആദാമും ഹവ്വയും സാത്താന്റെ ഭോഷ്ക്ക് വിശ്വസിച്ച് അനുസരിച്ചതുകൊണ്ടുള്ള ദൈവത്തിന്റെ ശിക്ഷയായിരുന്നു അത് (യോഹ. 8:44). ആത്മീയ മരണം (റോമ. 6:23; 1 തിമൊ. 5:6; യാക്കോ. 1:15) സംഭവിച്ചത് അവർ പാപം ചെയ്തപ്പോഴായിരുന്നു, ജീവവൃക്ഷത്തിന്റെ ഫലം തിന്നാതിരിക്കുവാൻ അവരെ തോട്ടത്തിൽനിന്നു പുറത്താക്കിക്കൊണ്ട് (ഉല്പ. 3:22, 23) ദൈവം ആദാമിനോട് പറഞ്ഞു: "നീ പൊടിയാകുന്നു, പൊടിയിലേക്ക് തിരികെ ചേരും" (ഉല്പ. 3:19).

"നിങ്ങൾ തീർച്ചയായും മരിക്കും" എന്ന് ദൈവം ആദാമിന് കൊടുത്ത മുന്നറിയിപ്പ് (ഉല്പ. 2:17) അവന്റെ പിൻഗാമികൾക്കും ബാധകമായി. "ഒരിക്കൽ മരണം ദൈവം മനുഷ്യന് നിശ്ചയിച്ചിരിക്കുന്നു" എന്ന് അരുളിച്ചെയ്തിരിക്കുന്നുവെങ്കിലും (എബ്രാ. 9:27) ആ സത്യം അറിയുവാൻ ദൈവികമായ വെളിപ്പെടുത്തൽ നമുക്ക് ആവശ്യമില്ല. ആദ്യത്തെ മരണം (ഹാബേലിന്റെ, ഉല്പ. 4:8) മുതൽ ഇതുവരെ, എല്ലാറ്റിന്റെയും പ്രതീക്ഷിക്കുന്ന അവസാനം മരണമാണ്. അതിന് ഏക ഒഴികഴിവ് ഹാനോക്കും (ഉല്പ. 5:24; എബ്രാ. 11:5) ഏലിയാവും മാത്രമായിരുന്നു (2 രാജാ. 2:11), അവരെ രണ്ടു പേരേയും നേരിട്ട് സ്വർഗത്തിലേക്ക് എടുക്കുകയായിരുന്നു.

നമുക്ക് അന്വേഷണത്വരയുള്ളതുകൊണ്ട്, സ്വാഭാവികമായി നാം ചോദിച്ചേക്കാം, "നാം മരിച്ചുകഴിഞ്ഞാൽ എന്തു സംഭവിക്കും?" ശരീരത്തിന്റെ മരണം ഇല്ലാതാക്കുവാൻ നമ്മുടെ പ്രവർത്തികൾ എന്തെങ്കിലും സഹായിക്കുമോ? അതിനുശേഷം നാം എന്തായിരിക്കും? നാം മറ്റൊരു യുഗത്തിലേക്ക് പ്രവേശിക്കുമോ, മരണവാതിലിനപ്പുറം നമുക്ക് ഒരു നിലനിൽപ്പുണ്ടോ? അങ്ങനെയെങ്കിൽ, ആ നിലനിൽപ്പ് എന്തുപോലെയായിരിക്കും?

ബൈബിൾ പഠിപ്പിക്കുന്നത് - പിതാവായ ദൈവവും, പുത്രനായ ദൈവവും, പരിശുദ്ധാത്മാവ് ആയ ദൈവവും അമർത്യരാണെങ്കിലും (1 തിമൊ. 6:15,16; കൂടാതെ 1:17ഉം നോക്കുക) - മനുഷ്യരായ നാം മർത്യരാണ്. നമ്മുടെ മർത്യതയെ പ്രകടമാക്കിയിരിക്കുന്ന താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ നോക്കുക: (1) "പാപം നിങ്ങളുടെ മർത്യശരീരത്തിൽ വാഴരുത്" (റോമ. 6:12); (2) "ക്രിസ്തു നിങ്ങളുടെ മർത്യശരീരങ്ങളെ ജീവിപ്പിക്കും" (റോമ. 8:11); (3) "ഈ മർത്യമായതു അമർത്യമായതിനെ ധരിക്കേണം" (1 കൊരി. 15:53); (4) "ദ്രവത്വമായതു അദ്രവത്വത്തേയും ധരിക്കേണം" (1 കൊരി. 15:54); (5) "ഞങ്ങളുടെ മർത്യശരീരത്തിൽ'' (2 കൊരി. 4:11); (6) "മർത്യമായത് നീങ്ങിപ്പോകേണ്ടത്" (2 കൊരി. 5:4). ഈ വാക്യങ്ങളിലെല്ലാം മർത്യത ശരീരത്തോട് ചേർത്താണ് പറഞ്ഞിരിക്കുന്നത്. അതായത് മനുഷ്യന്റെ ജഡികഭാഗം. 1 കൊരി. 15:53, 54-ൽ പറഞ്ഞിട്ടില്ലെങ്കിലും പൗലൊസ് "ദ്രവത്വമുള്ളത്" എന്നും "മർത്യമായത്" എന്നും പറഞ്ഞിരിക്കുന്നത് ശരീരത്തെയാണ് എന്നത് സ്പഷ്ടം. മുൻപ് അവൻ പറഞ്ഞു, "ദ്രവത്വത്തിൽ വിതക്കപ്പെടുന്നു, അദ്രവത്വത്തിൽ ഉയിർക്കപ്പെടുന്നു" (1 കൊരി. 15:42). "പ്രാകൃതശരീരവും ആത്മീകശരീരവും ഉണ്ട്" (1 കൊരി. 15:44).

നമ്മുടെ ഉയർത്തെഴുന്നേല്ക്കുവാനിരിക്കുന്ന ശരീരങ്ങൾ അമർത്യമാണ് (1 കൊരി. 15:53, 54), അതിന്റെ ഇപ്പോഴത്തെ അവസ്ഥ മർത്യമാണെന്ന് അതിൽ അന്തർലീനമാക്കിയിരിക്കുന്നു. ബൈബിൾ മർത്യമെന്ന് പറഞ്ഞിരിക്കുന്നത് നമ്മുടെ ഇപ്പോഴത്തെ ശരീരത്തെയാണ്, അല്ലാതെ ആന്തരിക മനുഷ്യനെയല്ല.

നാം ആയിരിക്കുന്ന രീതിയിൽ ദൈവം നമ്മെ മെനഞ്ഞുണ്ടാക്കി:"ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യനെ ഉണ്ടാക്കി..." (ഉല്പ. 1:27). നമുക്ക് ശരീരം മാത്രമെ ഉള്ളുവെങ്കിൽ, ആ ശരീരം ദൈവസാദൃശ്യത്തിലാണുണ്ടാക്കിയതെങ്കിൽ, നാം ഏതെങ്കിലും വിധത്തിൽ ദൈവരൂപത്തിലായിരിക്കും. അതു ശരിയായിരുന്നാൽ, ദൈവം പുരുഷനോ അതോ സ്ത്രീയോ? ആത്മാവായ ദൈവത്തിന് (യോഹന്നാൻ 4:24) ഈ ഗൃഹത്തിലുള്ള നമ്മുടെ ജീവിതത്തിനായി നല്കിയ ഭൗതികമായ ശരീരത്തെപോലെ കൈകളും, കാലുകളും വയറും ഉണ്ടോ?

പൗലൊസ് ശരീരത്തെ കുറിച്ച് എഴുതി, "നാം മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെ, സ്വർഗീയന്റെ പ്രതിമയും ധരിക്കും" (1 കൊരി. 15:49), ഇപ്പോൾ നമ്മുടെ ശരീരങ്ങൾ മണ്ണുകൊണ്ടുള്ളവന്റെ പ്രതിമയുണ്ട് എങ്കിൽ, പിന്നീട് സ്വർഗീയന്റെ പ്രതിമ ധരിക്കുമെങ്കിൽ, ഇപ്പോൾ സ്വർഗീയന്റെ പ്രതിമ ഇല്ല. നാം ഉയർത്തെഴുന്നേൽക്കുമ്പോൾ നമുക്ക് സ്വർഗീയന്റെ പ്രതിമ ലഭിക്കും. ദൈവം തന്റെ സാദൃശത്തിൽ മനുഷ്യനെ സൃഷ്ടിച്ചപ്പോൾ, ശരീരമല്ല ദൈവസാദൃശ്യത്തിൽ സൃഷ്ടിച്ചത്; അല്ലെങ്കിൽ, നമ്മിൽ ഇപ്പോൾ തന്നെ "സ്വർഗീയന്റെ പ്രതിമ" ഉണ്ടാകുമായിരുന്നു. ദൈവം ആത്മാവായതുകൊണ്ട്, മനുഷ്യന്റെ ആത്മാവായിരിക്കണം ദൈവസാദൃശ്യത്തിൽ സൃഷ്ടിച്ചത്. ഇത് വ്യക്തമാക്കുന്നത് എന്തെന്നാൽ ഓരോ വ്യക്തിയിലും സൃഷ്ടിച്ചവന്റെ രൂപം ഉണ്ട് എന്നാണ്.

നാം ആത്മാവും ദേഹവും ദേഹിയുമാണെന്ന് പൗലൊസ് വിശദമാക്കിയിരിക്കുന്നു (1 തെസ. 5:23). പ്രാണനേയും ആത്മാവിനേയും സന്ധിമജ്ജകളെയും തുളെച്ചുചെല്ലുന്ന തരത്തിൽ വേർപെടുത്തുവാൻ ശക്തിയുള്ളതാണ് ദൈവവചനം (എബ്രാ. 4:12). അവ രണ്ടും വേർപെടുത്താവുന്നതാണെങ്കിൽ ഒന്നല്ല എന്ന് സ്പഷ്ടം.

അക്കാരണത്താൽ, നാം മൂന്നു ഭാഗങ്ങളുള്ള "ട്രൈക്കോടോമസ്" ആണ് എന്നു തീർച്ചയാക്കാം. അത് പിതാവും, പുത്രനും, പരിശുദ്ധാത്മാവും എന്നപോലെ (മത്താ. 28:19). ആത്മാവും, പ്രാണനും, ദേഹവും ചേർന്ന് ഒരു വ്യക്തിയാകുന്നു.

### ശരീരം

ശരീരം നമ്മിലുള്ള മർത്യഭാഗമാണ്, അതിനെ "മർത്യശരീരം" എന്നു വിളിച്ചിരിക്കുന്നു (റോമ. 6:12), "മർത്യശരീരം" (2 കൊരി. 4:11), "പുറമെയുള്ള മനുഷ്യൻ" (2 കൊരി. 4:16), "ഭൗമഭവനം" (2 കൊരി. 5:1). നമ്മുടെ ശരീരം നാം ജീവിക്കുന്ന ഭൗമഭവനമാണ്. അതു മുഖാന്തരമാണ് നമുക്ക് ഭൗതികനിലനിൽപുള്ളത്.

### ആത്മാവ്

എബ്രായവാക്ക് "നെഫേശും" ഗ്രീക്ക് വാക്ക് "സൂക്കേയും" തർജിമ ചെയ്തിരിക്കുന്ന "ആത്മാവ്" എന്ന വാക്കിന് വിവിധ അർത്ഥങ്ങളാണുള്ളത്. "നെഫേശ്" എന്ന വാക്ക് കെജെവി ഇരുപത്തിയൊമ്പതു രീതിയിലാണ് തർജിമ ചെയ്തിരിക്കുന്നത്. "നെഫേശിനു" തുല്യമായ ഗ്രീക്ക് വാക്കായ "സൂക്കേയും" കെജെവി വിവിധ രീതിയിലാണ് തർജിമ ചെയ്തിരിക്കുന്നത്.

"ആത്മാവ്" എന്ന് തർജിമ ചെയ്തിരിക്കുന്ന വാക്കുകൾ സ്പഷ്ടമായ മുഴുവൻ വ്യക്തിത്വ അസ്തിത്വത്തെ സൂചിപ്പിക്കുന്നു (1 പത്രൊ. 3:20). അതേ വാക്ക് ജീവനെ ഉദ്ദേശിച്ചും (മത്താ. 2:20; 6:25) അല്ലെങ്കിൽ അകത്തെ മനുഷ്യനെ ഉദ്ദേശിച്ചും (മത്താ. 10:28), വികാരങ്ങൾ അടക്കമുള്ള അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും പറഞ്ഞിരിക്കുന്നു (മർക്കൊ. 14:34; യോഹ. 12:27).

**തുടരും.**

# വിധിയെ പഴിയ്ക്കാതെ വിവേകത്തോടെ

ഒരു തടാകത്തിൽ കുറേ മത്സ്യങ്ങൾ. അവയിൽ മൂന്നെണ്ണം വലിയ കൂട്ടുകാർ. അവർ മൂവരും എപ്പോഴും ഒരുമിച്ചായിരിക്കും. എങ്കിലും അവരുടെ ചിന്താരീതികൾ വളരെ വിഭിന്നമായിരുന്നു. ആ മത്സ്യങ്ങളിലൊരെണ്ണം വിധിയിൽ വിശ്വസിച്ചു. അത് ആരും വിചാരിച്ചാലും മാറ്റാനാകില്ല എന്നായിരുന്നു ആ മത്സ്യത്തിന്റെ ചിന്താഗതി. അക്കാര്യം തന്റെ കൂട്ടുകാരോട് പറയുകയും ചെയ്തു.

എന്നാൽ രണ്ടാമത്തെ മത്സ്യത്തിന്റെ ചിന്താഗതി മറ്റൊരു തരത്തിലായിരുന്നു. ജീവിതത്തിൽ ഏതു പ്രശ്നത്തിനും പരിഹാരം കാണാൻ സാധിക്കുമെന്ന് ആ മത്സ്യം വിശ്വസിച്ചു. പ്രശ്ന പരിഹാരത്തിനായി ബുദ്ധിശക്തി വേണ്ടവിധം ഉപയോഗിക്കണം എന്നായിരുന്നു ആ മത്സ്യത്തിന്റെ നിലപാട്.

ജ്ഞാനികളുടെ ഗണത്തിൽപെട്ടവനായിരുന്നു മൂന്നാമത്തെ മത്സ്യം. വിവേകവും വിജ്ഞാനവും ജീവിത വിജയത്തിനായി വിനിയോഗിക്കണമെന്ന് ഈ മത്സ്യം ഉറച്ചു വിശ്വസിച്ചു. എല്ലാം വിധിക്കു വിട്ടുകൊടുക്കാൻ പാടില്ല എന്നായിരുന്നു ഈ മത്സ്യത്തിന്റെ വിശ്വാസം.



ഒരു ദിവസം ഈ കൂട്ടുകാർ മൂന്നുപേരും കൂടി കളിച്ചുകൊണ്ടിരിക്കുമ്പോൾ തടാക തീരത്തുനിന്നും ഒരാൾ തന്റെ കൂട്ടുകാരനോട് പറഞ്ഞു. "നോക്കൂ ഈ തടാകത്തിൽ ധാരാളം മീനുകൾ ഉണ്ട്. നമുക്കു നാളെ വന്ന് അവയെ പിടിക്കാം."

തടാകതീരത്തെ ഈ സംസാരം കേട്ടപ്പോൾ ജ്ഞാനിയായ മത്സ്യം തന്റെ കൂട്ടുകാരെ അടുത്തുവിളിച്ചു പറഞ്ഞു: "വരൂ നമുക്ക് ഇവിടെ നിന്നും രക്ഷപ്പെടാം. അല്ലെങ്കിൽ മുക്കുവർ നമ്മളെ വലയിലാക്കും." അപ്പോൾ വിധിയിൽ വിശ്വസിക്കുന്ന മത്സ്യം പറഞ്ഞു: "നാം എങ്ങോട്ടു പോകാനാണ്. പിടിക്കപ്പെടുക എന്നത് നമ്മുടെ വിധിയാണ്."

ഉടനെ ജ്ഞാനിയായ മത്സ്യം പറഞ്ഞു: "ഈ തടാകത്തിന്റെ ഒരു വശത്തുകൂടി ചെറിയൊരു കനാൽ ഒഴുകുന്നുണ്ട്. അതിലൂടെ നമുക്ക് മറ്റൊരു തടാകത്തിലേക്ക് കടക്കാനാകും."

അപ്പോൾ രണ്ടാമത്തെ മത്സ്യം പറഞ്ഞു: "ഞാനെങ്ങോട്ടും പോകുന്നില്ല. മുക്കുവർ പിടിക്കാൻ വന്നാൽ ഞാനെന്റെ ബുദ്ധി ഉപയോഗിച്ചു രക്ഷപ്പെടും."

വിധിയിൽ വിശ്വസിക്കുന്ന മത്സ്യം ഉടനെ പറഞ്ഞു:"ഞാനീ തടാകത്തിൽ ജനിച്ചവനാണ്. ഞാനിവിടെത്തന്നെ കഴിയും. ബാക്കി വിധിപോലെ സംഭവിക്കട്ടെ." തന്റെ കൂട്ടുകാരുടെ മനസുമാറാൻ വേണ്ടി ജ്ഞാനിയായ മത്സ്യം വീണ്ടും ശ്രമിച്ചുനോക്കി. പക്ഷെ മറ്റു രണ്ടു മത്സ്യങ്ങളും അവരുടെ നിലപാടിൽ ഉറച്ചുനിന്നു.

ജ്ഞാനിയായ മത്സ്യം അതീവ സങ്കടത്തോടെ തന്റെ കൂട്ടുകാരോടു യാത്ര പറഞ്ഞു കനാൽ വഴി മറ്റൊരു തടാകത്തിലേക്ക് യാത്രയായി. പിറ്റേദിവസം മുക്കുവർ തടാകത്തിൽ വന്നു വലയിട്ടു. അവരുടെ വലയിൽ മറ്റു മീനുകളോടൊപ്പം ജ്ഞാനിയായ മത്സ്യത്തിന്റെ രണ്ടു കൂട്ടുകാരും കുടുങ്ങി. അപ്പോൾ വിധിയിൽ വിശ്വസിച്ച മത്സ്യം കൂട്ടുകാരോടു പറഞ്ഞു:"ഇതു നമ്മുടെ വിധിയാണ്. ഈ വിധി ആർക്കു മാറ്റാനാകും." ബുദ്ധിമാനായ മത്സ്യം അപ്പോൾ ഒന്നും പറഞ്ഞില്ല. അതു ചത്തതുപോലെ വലയിൽ അനങ്ങാതെ കിടന്നു.

വലയിലെ മത്സ്യങ്ങളെല്ലാം ജീവൻ രക്ഷപ്പെടുത്തുവാനുള്ള മോഹത്തോടെ വലയിൽ അങ്ങോട്ടുമിങ്ങോട്ടും ചാടുമ്പോൾ മുക്കുവർ അവ ഓരോന്നിനേയും പിടിച്ച് കൂടയിലിട്ടു. എന്നാൽ വലയിൽ അനങ്ങാതെ കിടന്ന ബുദ്ധിമാനായ മത്സ്യം ചത്ത മീൻ ആണെന്ന ധാരണയിൽ മുക്കുവരിലൊരാൾ അതിനെ കുളത്തിലേക്ക് വലിച്ചെറിഞ്ഞു. അങ്ങനെ ആ മത്സ്യം ബുദ്ധിപൂർവം രക്ഷപെട്ടു.

പഞ്ചതന്ത്രത്തിൽ നിന്നുള്ള ഈ കഥയിലെ കഥാപാത്രങ്ങൾ മത്സ്യങ്ങളാണ്. എന്നാൽ ഇത് മത്സ്യങ്ങളെക്കുറിച്ചുള്ള കഥയല്ല. മനുഷ്യരെക്കുറിച്ചുള്ള കഥയാണ്. എല്ലാം വിധിപോലെയേ നടക്കൂ എന്ന് വിശ്വസിക്കുന്നവരുടെ പ്രതിനിധിയാണ് ഒന്നാമത്തെ മത്സ്യം. രക്ഷപ്പെടുവാനുള്ള വഴികളുണ്ടായിരുന്നിട്ടും അതിനെക്കുറിച്ചു ചിന്തിക്കാതെ സ്വയം വിധിക്കു കീഴടങ്ങുകയായിരുന്നു ഈ മത്സ്യം.

മനുഷ്യർക്കിടയിൽ ഈ ചിന്താഗതി വച്ചു പുലർത്തുന്നവർ എത്രയോ അധികമാണ്. ദൈവം നൽകിയിട്ടുള്ള കഴിവുകളും സാഹചര്യങ്ങളും ശരിക്കു വിനിയോഗിച്ചു ജീവിതത്തിൽ വൻ വിജയങ്ങൾ നേടുവാൻ നമുക്കും സാധിക്കും. എന്നാൽ അതൊക്കെ മറന്നു തങ്ങളെ അവർ പരാജയത്തിന് വിട്ടുകൊടുക്കുകയാണ് പലപ്പോഴും ചെയ്യുന്നത്. അങ്ങനെ ചെയ്തിട്ട് അവർ വിധിയെ പഴിക്കുകയും ചെയ്യുന്നു.

കഥയിലെ രണ്ടാമത്തെ മത്സ്യം തന്റെ ബുദ്ധി ഉപയോഗിച്ച് ജീവൻ രക്ഷപ്പെടുത്തി എന്നുള്ളതു ശരിതന്നെ. എന്നാൽ, തന്റെ ബുദ്ധിയോടൊപ്പം വിവേകത്തോടെ പ്രവർത്തിച്ച മൂന്നാമത്തെ മത്സ്യമാണ് ആദരം കൂടുതൽ അർഹിക്കുന്നത്. സുരക്ഷിതമായി രക്ഷപ്പെടാൻ അവസരമുണ്ടായിരുന്നിട്ടും വിവേകപൂർവം അത് വിനിയോഗിക്കാതെ ഒരു റിസ്ക് എടുക്കുകയായിരുന്നു രണ്ടാമത്തെ മത്സ്യം. ഭാഗ്യംകൊണ്ടു മാത്രം അത് രക്ഷപ്പെട്ടു എന്നു പറയാം.

ചത്തതുപോലെ കിടന്ന മത്സ്യത്തെ കുളത്തിലേക്ക് എറിയുന്നതിനുപകരം കരയിലേക്കാണ് എറിഞ്ഞിരുന്നതെങ്കിൽ അത് എത്രയും വേഗം ചത്തുപോകുമായിരുന്നു. ദൈവം നമുക്കെല്ലാവർക്കും ബുദ്ധി തന്നിട്ടുണ്ട്. അത് വിവേകപൂർവം വിനിയോഗിക്കണം. എങ്കിൽ മാത്രമേ ജീവിതത്തിലെ പ്രശ്നങ്ങളും പ്രതിസന്ധികളും മറികടന്നു വിജയം കണ്ടെത്തുവാൻ നമുക്കു സാധിക്കൂ.



# വേട്ടക്കാരന്റെ സംസാരവും തലയോട്ടിയുടെ നിശബ്ദതയും

ഒരിക്കൽ ഒരു വേട്ടക്കാരൻ കാട്ടിൽ വേട്ടയ്ക്കുപോയി. വേട്ടയ്ക്കിടയിൽ ഒരു മരത്തിന്റെ ചുവട്ടിലിരുന്ന് പ്രകൃതിഭംഗി ആസ്വദിക്കുകയായിരുന്നു. അപ്പോഴാണ് അടുത്തുള്ള ഒരു മരത്തിന്റെ ചുവട്ടിൽ ഒരു തലയോട്ടി കിടക്കുന്നത് കണ്ടത്. വെറുതെ തമാശയ്ക്കുവേണ്ടി അയാൾ തലയോട്ടിയെ നോക്കിക്കൊണ്ട് "ഹലോ" എന്നു പറഞ്ഞു. ഉടനെ വേട്ടക്കാരനെ അത്ഭുതപ്പെടുത്തിക്കൊണ്ട് തലയോട്ടി "ഹലോ" എന്നു പ്രതികരിച്ചു.

തലയോട്ടിയുടെ സംസാരം കേട്ടപ്പോൾ ആദ്യം ഭയപ്പെട്ടുപോയി. പിന്നെ, ധൈര്യം സംഭരിച്ചുകൊണ്ട് അയാൾ ചോദിച്ചു: "നിനക്കു സംസാരിക്കുവാൻ സാധിക്കുമോ?" ഉടനെ തലയോട്ടി പറഞ്ഞു: "തീർച്ചയായും."

തലയോട്ടിയുടെ സംസാരം കേട്ടതിലുള്ള അമ്പരപ്പ് മാറാതെ അയാൾ ചോദിച്ചു: "നീ എങ്ങനെ ഇവിടെ എത്തി?" അപ്പോൾ തലയോട്ടി പറഞ്ഞു: "കൂടുതൽ സംസാരിച്ചു. അതാണ് വിനയായത്."

ഇതുകേട്ട വേട്ടക്കാരൻ ജീവനുംകൊണ്ട് ഓടിപ്പോയി. കാട്ടിൽ നിന്ന് പുറത്തുകടന്നിട്ടും അയാളുടെ ഭയം മാറിയില്ല. അയാൾ വേഗം രാജകൊട്ടാരത്തിലെത്തി രാജാവിനെ കാണുവാൻ അനുവാദം ചോദിച്ചു. രാജാവിനെ കണ്ടപ്പോൾ വേട്ടക്കാരൻ പറഞ്ഞു: "ഞാൻ ഇന്നു കാട്ടിൽ വേട്ടയ്ക്കു പോയപ്പോൾ സംസാരിക്കുന്ന ഒരു തലയോട്ടിയെ കണ്ടു." "സംസാരിക്കുന്ന തലയോട്ടിയോ?" അത്ഭുതംകൂറിക്കൊണ്ട് രാജാവ് ചോദിച്ചു. "അതേ, സംസാരിക്കുന്ന തലയോട്ടി തന്നെ." ഭയം വിട്ടുമാറാത്ത അയാൾ രാജാവിനോട് തന്റെ അനുഭവം ആവർത്തിച്ചുപറഞ്ഞു: "അതേ, കാട്ടിലെ ഒരു മരത്തിനു ചുവട്ടിൽ തലയോട്ടി കിടപ്പുണ്ട്. തമാശയ്ക്കുവേണ്ടി അതിനോടു സംസാരിച്ചപ്പോൾ അത് എന്നോടു സംസാരിക്കുവാൻ തുടങ്ങി."

"നീ തമാശ പറയുകയാണല്ലേ." എന്ന് രാജാവ് അയാളോടു ചോദിച്ചു. ഉടനെ വേട്ടക്കാരൻ പറഞ്ഞു: "അല്ലല്ല. ഞാൻ കണ്ടതാണ് തലയോട്ടി. അതു സംസാരിക്കുന്നത് ഞാൻ കേട്ടതുമാണ്."

വേട്ടക്കാരൻ താൻ കണ്ടതും കേട്ടതുമായ കാര്യങ്ങൾ തറപ്പിച്ചു പറഞ്ഞപ്പോൾ ആ തലയോട്ടി കാണുവാൻ വേണ്ടി രാജാവും പരിവാരങ്ങളും അയാളോടൊപ്പം കാട്ടിലേക്കു പോയി. അവിടെ എത്തി തലയോട്ടിയെ സമീപിച്ച് വേട്ടക്കാരൻ "ഹലോ" എന്നു പറഞ്ഞു. പക്ഷേ, നിശബ്ദതയായിരുന്നു മറുപടി. വേട്ടക്കാരൻ വീണ്ടും തലയോട്ടിയോടു സംസാരിച്ചു. പക്ഷേ, അപ്പോഴും മറുപടി ഉണ്ടായില്ല.

വേട്ടക്കാരൻ തന്നെ പരിഹസിക്കുവാൻ ചെയ്ത പണിയാണെന്നു കരുതി രാജാവ് ക്ഷുഭിതനായി. വേഗം അയാളുടെ തല കൊയ്യുവാൻ രാജാവ് കല്പന നൽകി. അടുത്ത നിമിഷം അയാളുടെ തല ആ തലയോട്ടിയുടെ സമീപം നിപതിച്ചു. രാജാവും പരിവാരങ്ങളും അവിടെനിന്നു മടങ്ങിയപ്പോൾ തലയോട്ടി വേട്ടക്കാരന്റെ തലയോടു പറഞ്ഞു: "ഹലോ." ഉടനെ വേട്ടക്കാരന്റെ തല പറഞ്ഞു: "വിഡ്ഢി! രാജാവ് ഇവിടെ വന്നപ്പോൾ നീ എന്താണ് മിണ്ടാതിരുന്നത്?" ഉടനെ തലയോട്ടി ഒരു മറുചോദ്യം ചോദിച്ചു: "നീ എങ്ങനെയാണ് ഇപ്പോൾ ഈ സ്ഥിതിയിലെത്തിയത്?"

അല്പനേരത്തെ ആലോചനയ്ക്കുശേഷം തല പറഞ്ഞു: "സംസാരം. അതേ, ഞാൻ കൂടുതൽ സംസാരിച്ചു. അതാണ് എനിക്കും വിനയായത്."

ആരുടെയോ ഭാവനാസൃഷ്ടി മെനഞ്ഞെടുത്ത മനോഹരമായ ഒരു കഥയാണിത്. ഈ കഥ നൽകുന്ന സന്ദേശം വ്യക്തമല്ലേ? നമ്മുടെ പല പ്രശ്നങ്ങളുടെയും മൂലകാരണം നമ്മുടെ സംസാരമല്ലേ? പറയേണ്ടാത്ത കാര്യങ്ങൾ പറഞ്ഞു അബദ്ധത്തിൽ ചാടിയിട്ടുള്ള അനുഭവങ്ങൾ ധാരാളമല്ലേ നമ്മുടെ ജീവിതത്തിൽ. അതുപോലെതന്നെ പറയേണ്ട കാര്യങ്ങളാണെങ്കിലും പറയേണ്ടതല്ലാത്ത സ്ഥലത്തു പറഞ്ഞതിന്റെ പേരിലും പ്രതിസന്ധികളിൽ വീണിട്ടുള്ള അനുഭവങ്ങൾ നമുക്കില്ലേ?

നാം നമ്മുടെ സംസാരത്തിൽ അല്പം സൂക്ഷിക്കുകയാണെങ്കിൽ എന്തെല്ലാം പ്രശ്നങ്ങളിൽ നിന്നു നമുക്കു ഒഴിഞ്ഞുനിൽക്കുവാനാകും. പലപ്പോഴും നമ്മുടെ നാവ് പിഴയ്ക്കുന്നതുകൊണ്ടല്ലേ കുടുംബങ്ങളിൽ കലഹങ്ങളും മറ്റും ഉണ്ടാകുന്നത്? പല വ്യക്തി ബന്ധങ്ങളിൽ പോരൽ വീഴുന്നതും ആത്മമിത്രങ്ങൾ ശത്രുക്കളായി മാറുന്നതുമൊക്കെ സംസാരത്തിൽ വരുന്ന പാകപ്പിഴകൾ മൂലമല്ലയോ?

നമ്മുടെ സംസാരം കൂടുതലോ കുറവോ എന്നതല്ല പ്രശ്നം. ബന്ധങ്ങൾ ശക്തമാക്കുവാൻ ഹൃദയത്തിൽ നിന്നുയരുന്ന സംഭാഷണം വേണം. അവ നീണ്ടു പോകുന്നതുകൊണ്ടു പ്രശ്നമുണ്ടാകണമെന്ന് നിർബന്ധമില്ല. എന്നാൽ, നമ്മുടെ സംഭാഷണവും നാം പറയുന്ന വാക്കുകളും ആരെയും മുറിപ്പെടുത്തരുതെന്ന് നമുക്കു നിർബന്ധമുണ്ടാകണം. അതുപോലെതന്നെ, നമ്മുടെ വാക്കുകൾ മധുരമാണെന്നും അവ മറ്റുള്ളവരെ വളർത്തുവാനല്ലാതെ തളർത്തുവാൻ ഇടയാക്കരുതെന്നും നാം നിർബന്ധം പിടിക്കണം.

മുകളിൽ കൊടുത്തിരിക്കുന്ന കഥയിലെ തലയോട്ടി നിശബ്ദത പാലിച്ചതും അതു വഴിയുണ്ടായ ദുരന്തവും ശ്രദ്ധിച്ചോ? രാജാവിന്റെ സാന്നിധ്യത്തിൽ തലയോട്ടി സംസാരിച്ചിരുന്നെങ്കിൽ വേട്ടക്കാരന്റെ തല പോകില്ലായിരുന്നു. വേട്ടക്കാരന്റെ അമിത സംസാരത്തോടൊപ്പം തലയോട്ടിയുടെ നിശബ്ദതയും വേട്ടക്കാരന്റെ പതനത്തിന് വഴിതെളിച്ചുവെന്നതാണ് വസ്തുത.

നാം സംസാരിക്കേണ്ട അവസരങ്ങളിൽ തീർച്ചയായും സംസാരിക്കണം. പ്രത്യേകിച്ചു നമ്മുടെ നിശബ്ദത മറ്റുള്ളവർക്കു ദോഷകരമായിത്തീരുന്ന സാഹചര്യങ്ങളിൽ. സത്യത്തിനു സാക്ഷ്യം വഹിക്കേണ്ട അവസരങ്ങളിൽ പലരും അങ്ങനെ ചെയ്യാത്തതുകൊണ്ടല്ലേ നമ്മുടെ സമൂഹത്തിൽ ഇന്നും അനേകർ അന്ധകാരത്തിൽ കഴിയേണ്ടിവരുന്നത്.

ജീവിതത്തെ നശിപ്പിക്കാനും പുലർത്താനും നാവിനു കഴിയും എന്നു ബൈബിളിൽ പറയുന്നതു എപ്പോഴും നമ്മുടെ ഓർമയിലുണ്ടാകട്ടെ. നമ്മുടെ നാവിൽ നിന്ന് പുറത്തുവരുന്ന വാക്കുകൾ മറ്റുള്ളവർക്കു ഉണർവും ഉന്മേഷവും നൽകുന്നവയാണെന്ന് നമുക്കു ഉറപ്പുവരുത്താം. അതുപോലെ തന്നെ, അമിത സംസാരം വഴി നമ്മുടെ നാവ് പിഴയ്ക്കാതിരിക്കാനും നമുക്കു ശ്രദ്ധിക്കാം.

ജെ.പി. ദീപിക



# വേദാഭിമാനിയുടെ മറുപടി


**വിശ്വാസികൾപോലും സ്ഥാനം നോക്കി വീടുവയ്ക്കുന്നു. വാസ്തുകേന്ദ്രീകൃതമായി ഭവനങ്ങൾ നിർമ്മിക്കുന്നു. വാസ്തുബലി എന്നു പറയുന്നില്ലെങ്കിലും സമാനമായ ചടങ്ങുകളോടെ കർമ്മങ്ങൾ നടത്തുന്നു. വാസ്തുപുരുഷൻ ആരെന്ന് വ്യക്തമാക്കി, വിശ്വാസികൾക്ക് വഴിതെറ്റുന്നതെവിടെയെന്ന് അവർക്ക് ബോധ്യപ്പെടുത്തി കൊടുക്കുക?**

*-പാസ്റ്റർ പോൾ സേവ്യർ, വേങ്ങൂർ, വാളകം, കൊട്ടാരക്കര*

പണ്ട് അന്ധകൻ എന്ന പേരിൽ ഭയങ്കരനായ ഒരസുരൻ ഉണ്ടായിരുന്നത്രേ. ശക്തനും ദുഷ്ടനുമായ ഈ അസുരന്റെ ഉപദ്രവം കാരണം ദേവന്മാരുടെ പൊറുതിമുട്ടി.

ദേവന്മാർ പരമശിവനോട് അന്ധകന്റെ ശല്യം തീർത്തുതരണമെന്ന് അപേക്ഷിച്ചു. വൈകാതെ ശിവനും അന്ധകനും തമ്മിൽ ഉഗ്രമായ യുദ്ധം നടന്നു.

ആ യുദ്ധത്തിനിടയിൽ ശിവന്റെ വിയർപ്പിൽനിന്ന് ഒരു ഭൂതം പുറത്തുവന്നു. അതിഭയങ്കരനായ ഭൂതത്തെ കണ്ട് ദേവന്മാർ ഭയചകിതരായി.



അന്ധകനെക്കൊണ്ടുതന്നെ രക്ഷയില്ല. അതിനിടയിൽ ഒരു ഭൂതത്തിന്റെ ശല്യംകൂടി ആയാലോ? ഇങ്ങനെ കരുതിയ ദേവന്മാർ എന്തുചെയ്തെന്നോ? ഭൂതത്തെപ്പിടിച്ച് ഭൂമിയിൽ കുഴിച്ചിട്ടു! മുഖം താഴോട്ടുവരുന്ന രീതിയിൽ വടക്കുകിഴക്കു നിന്ന് തെക്കുപടിഞ്ഞാറായാണ് ഭൂതത്തെ കിടത്തിയത്. ഭൂതം ഒരിക്കലും എഴുന്നേറ്റുവരാതിരിക്കാൻ ദേവന്മാർ ഭൂതത്തിനു മുകളിൽ നിലയുറപ്പിക്കുകയും ചെയ്തു.

ഈ ദുഃസ്ഥിതിയിൽനിന്ന് തനിക്ക് മോചനം തരണമെന്ന് ഭൂതം ബ്രഹ്മാവിനോട് അപേക്ഷിച്ചു. കരുണതോന്നിയ ബ്രഹ്മാവ് ഭൂതത്തെ അനുഗ്രഹിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: "ഇന്നു മുതൽ വാസ്തുപുരുഷൻ എന്ന പേരിൽ ആളുകൾ നിന്നെ ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യും. ഭൂമിയിൽ എന്ത് നിർമാണപ്രവൃത്തി നടക്കുമ്പോഴും അത് മംഗളകരമാകണമെങ്കിൽ നിന്റെ അനുഗ്രഹം ആവശ്യമായി വരും!" ഇതാണ് വാസ്തുപുരുഷനെ സംബന്ധിച്ച പുരാണകഥ.

വാസ്തുപുരുഷനെ സന്തോഷിപ്പിക്കാനും പ്രീതിപ്പെടുത്താനും നടത്തുന്ന ചടങ്ങുകൾ വിശ്വാസികൾ അനുഷ്ഠിക്കുന്നെങ്കിൽ അവർ ക്രിസ്ത്യാനികളല്ലെന്നു മാത്രമേ പറയാനാവൂ. വിശ്വാസികൾ എന്നതുകൊണ്ട് ക്രിസ്തുവിൽ വിശ്വസിക്കുന്നവർ എന്നർത്ഥമില്ലല്ലോ. ഹൈന്ദവാചാരങ്ങൾ ക്രിസ്ത്യാനികൾ അനുഷ്ഠിക്കുന്നെങ്കിൽ അറിഞ്ഞ സത്യത്തിൽ അടിയുറച്ച വിശ്വാസം ഇല്ലാത്തതുകൊണ്ടാണ്. പാലുകാച്ചൽ പോലുള്ള ചടങ്ങുകൾ ഹൈന്ദവ കർമ്മാചാരമാണെന്ന് വേദാഭിമാനി പലവട്ടം വ്യക്തമാക്കിയിട്ടുള്ളതാണ്. പക്ഷെ പെന്തക്കോസ്ത് ചാനലായ പവർ വിഷൻ ഈ ചടങ്ങ് ആവർത്തിച്ച് കാണിച്ചുകൊണ്ടിരിക്കുന്നു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉപേക്ഷിക്കാതെ ക്രിസ്തുവിനെ ആദായമാർഗ്ഗമായി മാത്രം കാണുന്നവർ ക്രിസ്ത്യാനികളല്ല, ദൈവമക്കളല്ല എന്നു നാം അറിഞ്ഞിരിക്കണം. തള്ളേണ്ടതിനെ തള്ളുകയും കൊള്ളേണ്ടതിനെ കൊള്ളുകയും സത്യത്തിനുവേണ്ടി നിവരെ നിൽക്കുകയും ചെയ്യുന്നവർ ക്രിസ്തു എന്ന ഏക പുരുഷനിൽ വിശ്വാസമർപ്പിച്ചിരിക്കുന്നവരാണ്. അവരുടെ പ്രമാണ ഗ്രന്ഥം പുരാണങ്ങളല്ല. വേദപുസ്തകമാണ്. അവർ മറ്റൊരു പുരുഷനെ അറിയുന്നില്ല. "ആരു രക്ഷിക്കും ആർക്കറിയാം, ആരായാലും വേണ്ടില്ല കാര്യം നടക്കണം" എന്ന തത്വത്തിൽ ജീവിക്കുന്നവർ ഏതു ഹീനകൃത്യവും ചെയ്യാൻ മടിയ്ക്കില്ല. ഇങ്ങനെയുള്ളവർ നടത്തുന്ന ചടങ്ങുകളിൽ നിന്ന് ഒഴിഞ്ഞു നിൽക്കേണ്ടതാണ്.

ജീവിതത്തിൽ നാം അനുഷ്ഠിക്കുന്ന ഏതു കാര്യവും തിരുവചന വെളിച്ചത്തിൽ പരിശോധിക്കേണ്ടിയിരിക്കുന്നു. ദൈവവചനം അനുവദിയ്ക്കാത്ത, നീതീകരിക്കാത്ത ഒന്നും നാം ശീലിയ്ക്കരുത്, അനുഷ്ഠിക്കരുത്, ആചരിക്കരുത്. തെറ്റായ കർമ്മാചാരങ്ങളിലൂടെ അന്ധകാരശക്തികൾ നമ്മുടെമേൽ ആധിപത്യം സ്ഥാപിക്കുകയും അവ നമ്മെ നിത്യനരകത്തിൽ കൊണ്ടെത്തിക്കുകയും ചെയ്യും.

**ഞാൻ ക്രിസ്തീയ വിശ്വാസം സ്വീകരിച്ചിട്ട് അധികനാളുകളായില്ല. പ്രാർത്ഥനയിൽ വളരെ വിശ്വാസമുണ്ട്. കുരിശുംതൊട്ടിയിൽ മെഴുകുതിരി വച്ച് പ്രാർത്ഥിക്കുന്നത് കണ്ടിട്ടുണ്ട്. ഇങ്ങനെ തിരികത്തിച്ചുവെച്ചുവേണോ പ്രാർത്ഥിക്കാൻ?**

*-കെ.കെ. സുനിൽ, കാട്ടുവിള, തിരുപുറം, തുരുവനന്തപുരം*

ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നും നിങ്ങൾ ലോകത്തിന്റെ വിളക്കാകുന്നു എന്നും (മത്താ. 5:14) യേശു പറഞ്ഞിട്ടുണ്ട്. അന്ധകാരം നിറഞ്ഞ ലോകത്തിൽ ക്രിസ്ത്യാനി വെളിച്ചമായി മാറുക എന്നു പറഞ്ഞാൽ മെഴുകുതിരി കത്തിച്ചുപിടിച്ച് പ്രാർത്ഥിക്കുക-നടക്കുക എന്നാണോ അർത്ഥം?



റോമയിൽ ജാതീയ പുരോഹിതന്മാർ വെള്ളനിലയങ്കി ധരിച്ചും, കത്തിച്ചുപിടിച്ച മെഴുകുതിരികളുമായി ജനവും, പുറംജാതി ദേവന്മാരെ വഹിച്ചുകൊണ്ട് ഘോഷയാത്ര നടത്തിയിരുന്നതായി ചരിത്രം പറയുന്നു. A puplies Volemetam Capix; Middleton letters from Rome P.189 ഇതിന്റെ മറ്റൊരു പകർപ്പാണ് നമ്മുടെ നാട്ടിൽ കാണുന്ന റാസ. ചൈന, ടിബറ്റ് തുടങ്ങിയ രാജ്യങ്ങളിൽ ബുദ്ധമതക്കാർ നിരത്തിവച്ചിരിക്കുന്ന ദേവപ്രതിമകൾക്കു മുന്നിൽ നെയ്യൊഴിച്ച് വിളക്കുകൾ കത്തിക്കാറുണ്ട്. നീറ്റോ അഥവാ പിശാചിന്റെ ആരാധനയിൽ മെഴുകുതിരി ഒഴിച്ചുകൂടാനാവാത്ത ഒന്നാണെന്നും, ദ്വീപുനിവാസികൾ മെഴുകുതിരി കത്തിച്ചുവച്ച് മന്ത്രോച്ചാരണം നടത്തി നീറ്റോയെ വിളിച്ചുവരുത്തുന്നു എന്നും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. (Rites and Ceremonien P.91)

ആദിമ ക്രൈസ്തവ സഭയിൽ ഇല്ലാതിരുന്ന ഒരാചാരം ബാബിലോന്യ മതക്കാർ ക്രിസ്ത്യാനിത്വം സ്വീകരിച്ചതു വഴിയായി അവരുടെ അന്ധവിശ്വാസങ്ങളും വ്യർത്ഥമായ പാരമ്പര്യങ്ങളും ഇവിടെ ആചാരങ്ങളായി മാറി.

വെളിച്ചം നൽകാൻ കഴിവുള്ള വലിയ വെളിച്ചങ്ങളെ ഉണ്ടാക്കിയ ദൈവത്തിനെന്തിനാണ് മെഴുകുതിരി വെളിച്ചം? ഇരുളിൽ വസിക്കുന്നവർക്കാണല്ലൊ വിളക്കിന്റെ ആവശ്യം. അതുകൊണ്ടാണ് ദൈവം അന്ധകാരത്തിൽ ജീവിക്കുന്നു എന്നു തോന്നത്തക്കവിധം അവനു മെഴുകുതിരി കത്തിക്കുന്നു എന്ന് ലാക്റ്റന്റീസ് റോമൻ ജാതിയെ അധിക്ഷേപിച്ചത്. മെഴുകുതിരിയുടെ ഇത്തിരിവെട്ടത്തിൽ പ്രസാദിക്കുന്നവനാണോ സർവ്വശക്തനായ ദൈവം എന്നു ചിന്തിച്ചു നോക്കുക.

പ്രിയ സ്നേഹിതാ മൗഢ്യമായ ഈവിധ ചിന്തകളും വ്യർത്ഥമായ പാരമ്പര്യങ്ങളും ഉപേക്ഷിച്ച് മനസോടെ ബൈബിളിലേക്ക്; സത്യത്തിന്റെ പരിജ്ഞാനത്തിലേക്കു മടങ്ങിവരിക.

**ഏദനിൽ പാപംമൂലം ദൈവവും മനുഷ്യനും തമ്മിലുള്ള കൂട്ടായ്മയ്ക്ക് വിഘാതം സംഭവിച്ചു എന്നു കാണുന്നു. പിന്നീട് ക്രിസ്തുവിലൂടെയാണ് ഇത് പുനഃസ്ഥാപിച്ചത് എന്ന് ബൈബിൾ പറയുന്നു. അങ്ങനെയെങ്കിൽ ഹാനോക്കിന് എങ്ങനെ ദൈവത്തോടുകൂടെ നടക്കുവാൻ കഴിയും?**

*-ജോർജ് തോമസ്, പൂമല, പെണ്ണുക്കര, ചെങ്ങന്നൂർ*

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി. വേദപുസ്തക ചരിത്രത്തിൽ മായാത്ത മുദ്രപതിപ്പിച്ചിട്ടുള്ള വ്യക്തിയത്രെ ഹാനോക്ക്. ഉല്പത്തി 5:24 കഴിഞ്ഞാൽ പിന്നെ എസ്രായിലും യൂദാ 14ലും ചുരുങ്ങിയ ഒരു വിവരണം മാത്രമേ ഹാനോക്കിനെക്കുറിച്ചു കാണുന്നുള്ളു. താൻ ഇത്രത്തോളം പ്രസിദ്ധനായിത്തീരാൻ കാരണമെന്താണ്? ദൈവത്തോടുകൂടെ നടക്കയും മരണം കാണാതെ എടുക്കപ്പെടുകയും ചെയ്തതുകൊണ്ടുതന്നെ. ദൈവത്തോടുകൂടെ നടന്നു എന്നതിൽ നിന്നു നാം മനസ്സിലാക്കേണ്ടത്-സർവ്വലോക സൃഷ്ടിതാവായ ദൈവം തന്റെ സിംഹാസനം വിട്ടിറങ്ങിവന്നു എന്നാണോ? അത് സാധിക്കുമോ? യെശയ്യാ. 34:16-ൽ യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ചു വായിച്ചു നോക്കുവിൻ. അവയിൽ ഒന്നും കാണാതെയിരിക്കില്ല, ഒന്നിനും ഇണ ഇല്ലാതെയിരിക്കില്ല എന്നു കാണാം. ഈ വാക്യങ്ങൾ ചേർത്തു പഠിക്കുമ്പോൾ വ്യക്തമായ ആശയം ലഭിക്കുന്നു. എബ്രാ. 11:5-ൽ വിവരിക്കുന്നത് ഹാനോക്ക് ദൈവത്തെ പ്രസാദിപ്പിച്ചു എന്നും അവൻ എടുക്കപ്പെടുംമുമ്പേ സാക്ഷ്യം പ്രാപിച്ചു എന്നുമാണ്. ആകയാൽ ദൈവത്തോടുകൂടെ നടന്നു എന്നതിന്റെ അർത്ഥം, ദൈവീക കൂട്ടായ്മയിൽ, ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ട് വിശുദ്ധനായി ജീവിച്ചു എന്നത്രേ. ഗലാ. 1:10-ൽ പൗലോസ് പറയുന്നു: ഇന്നു ഞാൻ മനുഷ്യനെ പ്രസാദിപ്പിക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല. ഹാനോക്ക് ലോകത്തിലെ അന്നത്തെ ജനങ്ങളോട് ഇടകലരാതെ വിശുദ്ധിയും വേർപാടും പാലിച്ചുകൊണ്ടു ദൈവീക സംസർഗ്ഗത്തിൽ തന്റെ നാളുകളെ കഴിച്ചു. ആമോസ് 3:3-ൽ രണ്ടുപേർ ഒത്തിട്ടല്ലാതെ ഒരുമിച്ചു നടക്കുമോ എന്ന് കാണാം. രണ്ടു വ്യക്തികൾ തമ്മിൽ ഒരു ഉടമ്പടിയിലേക്ക് -കൂട്ടായ്മയിലേക്ക് വരാതെ ഒരുമിച്ചു നടക്കാൻ സാധിക്കയില്ല എന്നു സാരം. അത്യുന്നതനായ ദൈവവും സൃഷ്ടിയായ മനുഷ്യനും തമ്മിൽ ഏദനിൽവച്ചു കൂട്ടായ്മ ഉണ്ടായിരുന്നു. എന്നാൽ പാപം ആ കൂട്ടായ്മക്ക് വിഘാതം വരുത്തി. മനുഷ്യനിൽ ദൈവം വെറുക്കുന്നതു പാപം മാത്രമാണ്. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളേയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതെവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറയ്ക്കുമാറാക്കിയത് (യെശ. 59:2).



മനുഷ്യനും ദൈവത്തിനും തമ്മിൽ സംസർഗ്ഗം ചെയ്യാൻ തടസ്സമായി നിൽക്കുന്ന പാപത്തിനു പരിഹാരം വന്നാലുടൻ ഏതു മനുഷ്യനും ദൈവത്തോടുകൂടി നടക്കാവുന്നതാണ്.

This is The Word of God I Believe It!

# VEDABHIMANI

Annual Subscription Rs. 100/-

RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

2012 APRIL



# വേദദർപ്പണം

ബി.ജെ.

**വ**ചനമെന്ന ദർപ്പണത്തിൽ സ്വയം കാണാനും കണ്ടെത്താനുമുള്ള കാലമാണിത്. വചനത്തെ കണ്ണാടിയെന്നു വിശേഷിപ്പിക്കുന്നതു യാക്കോബിന്റെ ലേഖനമാണ്.

വചനം മാത്രമല്ല, വചനം കോറിയിട്ടവന്റെ ഹൃദയവും ദർപ്പണമായിരിക്കണം. പ്രപഞ്ചം മുഴുവൻ ബിംബങ്ങളാണ്. കണ്ണാടിപോലെ തെളിഞ്ഞ മനസുകളിൽ അതിന്റെ പ്രതിബിംബം വന്നുവീഴുന്നു.

വേദത്തിലെ കഥാപാത്രങ്ങളും ദർപ്പണങ്ങളാണ്. അതുകൊണ്ടാണ് അവരെ വായിക്കുമ്പോൾ തങ്ങളുടെ മുഖം അതിൽ തെളിയുന്നത്. അതു ശിംശോനായാലും, ദാവീദായാലും, മറിയമായാലും, യൂദാസായാലും. മറിയം പരിമളതൈലഭരണി ഉടച്ച് അഭിഷേകം ചെയ്യുമ്പോൾ അവളിൽ നമ്മളെതന്നെ കണ്ട് മിഴികൾ സജലമാകുന്നു. ഇവളെന്തിനിതു പാഴാക്കുന്നുവെന്നു ചോദിക്കുമ്പോൾ, ഇസ്രായേലിന്റേതല്ല എന്റെതന്നെ നിരുന്മേഷതകൾ മറനീക്കി പുറത്തുവരുന്നു. വെറുതേയല്ല, ബൈബിൾ വായിക്കേണ്ടതു വർത്തമാനത്തിലാണെന്നു പ്രകാശമുള്ളവർ പറയുക.

സ്വയം കാണാനുള്ള പ്രേരണ നിലനിൽക്കുന്നിടത്താണു വാക്കിന്റെ പ്രസക്തി. വിശാലമായ തടാകങ്ങളിലേക്ക് അവിടുന്നെന്നെ കൂട്ടിക്കൊണ്ടുപോകുന്നുവെന്ന് ഒരു പഴയ നിയമ സൂചനയുണ്ട്. ആദിമ മനുഷ്യരുടെ കണ്ണാടിയായിരുന്നു അലയില്ലാ തടാകങ്ങൾ എന്നോർക്കണം. വചനം കേട്ടിട്ട് അതനുസരിച്ച് ജീവിക്കാത്തവർ കണ്ണാടിയിൽ മുഖം കണ്ടിട്ട് അത് മറന്നുപോകുന്ന ആത്മവഞ്ചകരാണെന്ന് യാക്കോബ് പറയുന്നു.

ശരിയാണ്, സ്വയം കണ്ടെത്താൻ മാത്രമല്ല തിരുത്താനും വേണ്ടിയാണു കണ്ണാടി. അതിനു മുന്നിൽ നിൽക്കുമ്പോഴാണു മുടിമുറിക്കണമെന്നും മുഖം കഴുകണമെന്നുമൊക്കെ നമുക്കു തോന്നുക. നിനക്കെന്തായി മാറാനാകുമെന്ന സൗമ്യമായ ഒരു ഓർമ്മപ്പെടുത്തലാണത്.

തെരുവിലിരുന്നു ചിത്രം വരച്ച് അഷ്ടിക്കുള്ള വക തിരഞ്ഞിരുന്ന ഒരു ചിത്രകാരന്റെ മുന്നിൽ ഒരു മദ്യപൻ ചടഞ്ഞിരുന്നു. നിമിഷം കൊണ്ട് അയാൾ മദ്യപന്റെ ചിത്രം വരച്ചു. അയാളാകട്ടെ ചിത്രം കണ്ടു ക്ഷുഭിതനായി, ഇതു തന്റെ ചിത്രമല്ലെന്നു പറഞ്ഞായിരുന്നു ബഹളം. പീളകെട്ടിയ കണ്ണ് എവിടെ? ചുളിഞ്ഞ നെറ്റിയെവിടെ? എന്റെ വസ്ത്രങ്ങൾക്ക് എവിടെനിന്നു കിട്ടി ഈ വെണ്മ. നിനക്കു പ്രതിഫലം തരാനാവില്ല. ചിത്രകാരൻ പുഞ്ചിരിച്ചു. സർ, നിങ്ങൾക്കു നിങ്ങളുടെ ചിത്രം യഥാതഥം ആയിരുന്നു ആവശ്യമെങ്കിൽ ഒരു ഫോട്ടോഗ്രാഫറെ സമീപിക്കുക. ഞാൻ ചിത്രകാരനാണ്. ഭാവനയിൽ അഭിരമിക്കുന്നയൊരാൾ. മറ്റൊരാളെ കാണുമ്പോൾ അയാൾ ഇപ്പോൾ എന്തെന്നല്ല, അയാൾക്ക് എന്താകാനാകുമെന്നതിനാണു പരിഗണന നൽകുക.

എന്തുകൊണ്ടു നിങ്ങളുടെ പീളകെട്ടിയ മിഴികളിലെ പ്രകാശം തിരിച്ചുപിടിച്ചുകൂടാ..? നിങ്ങളെഴുതിയ ജീവിതത്തിനും നിങ്ങൾക്ക് എഴുതാമായിരുന്ന ജീവിതത്തിനുമിടയിലെ നെടുവീർപ്പാണോ ജീവിതം? ക്രിസ്തുവിന്റെ മിഴികളാണു ശരിക്കുമുള്ള ദർപ്പണം. ആ മിഴികളിലെ സ്നേഹം വേദത്തിലുടനീളം നിറഞ്ഞുനിൽക്കുന്നതുകൊണ്ടാണു വേദം ഇപ്പോഴും ദർപ്പണമായി നിലനിൽക്കുന്നത്.

ആ മിഴികളിലേക്കു നോക്കിയവർക്കൊക്കെ അതിൽ തെളിഞ്ഞ രൂപം കണ്ടിട്ട്, പത്രോസിനെപ്പോലെ വാവിട്ടു കരയാതെ തരമില്ല.

# ഉയരത്തിൽ നിന്നു തന്നെ

**ഒ**രിക്കൽ രണ്ടുപേർ മാമ്പഴം പറിക്കുവാൻ പോയി. അവരിലൊരാൾ മാവിൽ കയറി മാമ്പഴം പറിക്കുവാൻ തുടങ്ങി. മറ്റേയാൾ താഴെനിന്ന് മാമ്പഴം ശേഖരിച്ചു.

മാവിൽ കയറിയ ആൾ മാവിന്റെ മുകളിലെത്തിയപ്പോൾ അകലെയുള്ള ഒരു റോഡിൽക്കൂടി ഒരു കാളവണ്ടി പോകുന്നതായി കണ്ടു. മാവിലിരുന്ന് ആ കാഴ്ച കണ്ടയാൾ അതു വിളിച്ചു പറഞ്ഞു. പക്ഷേ, താഴെ നിന്നിരുന്ന ആൾ നോക്കിയിട്ടു കാളവണ്ടി പോകുന്നതു കണ്ടില്ല. ഉടനെ അയാൾ പറഞ്ഞു: "നീ വെറുതെ പറയുന്നതാണ്. കാളവണ്ടി പോകുന്നതു ഞാൻ കണ്ടില്ലല്ലോ."

അപ്പോൾ മുകളിലിരുന്ന ആൾ പറഞ്ഞു: "കാളവണ്ടി എനിക്കു കാണാം. വണ്ടി വലിക്കുന്നത് രണ്ടു വെളുത്ത കാളകളാണ്." പക്ഷേ, താഴെ നിന്നിരുന്ന ആൾ അതു വിശ്വസിക്കാൻ തയാറായില്ല. അപ്പോൾ മുകളിലിരുന്നവൻ പറഞ്ഞു: "നീ മാവിൽ കയറി മുകളിലേക്കു വരൂ. അപ്പോൾ ഞാൻ കണ്ടതു നിനക്കു കാണാനാവും."

താഴെനിന്നവൻ ഉടനെ മാവിൽ വലിഞ്ഞുകയറി. അപ്പോഴാണു ഉയരത്തിലിരുന്നവൻ കാണുന്നതു ശരിയായിരുന്നുവെന്ന് താഴെനിന്നവനു ബോധ്യമായത്. ഉയരത്തിലിരിക്കുന്നവർ കാണുന്നതു താഴെ നിൽക്കുന്നവനു കാണാൻ സാധിക്കുകയില്ല. താഴെ നിൽക്കുന്നവൻ ഉയരത്തിലെത്തിയാലേ ഉയരത്തിലിരിക്കുന്നവർ കാണുന്നതു കാണാൻ സാധിക്കൂ.

നമുക്കു വേണ്ടതും ഇതുപോലെയുള്ള ചിന്തയാണ്. വെറും പച്ച മനുഷ്യരെപ്പോലെ കാര്യങ്ങൾ കാണാതെ കാണുന്നതും കേൾക്കുന്നതും ഉയരത്തിൽ നിന്നുതന്നെയാവണം. താഴെ നിൽക്കുന്നവർ കാണുന്നതുപോലെയാണു നാം കാര്യങ്ങൾ കാണുന്നതെങ്കിൽ കാര്യങ്ങൾ ശരിയായി കാണുകയില്ലെന്നു മാത്രമല്ല നമ്മുടെ പ്രതികരണവും ഏറെ മോശമായിരിക്കും.

നമുക്കും ഉയരത്തിൽ നിന്നു കാര്യങ്ങൾ കാണാനും മനസിലാക്കാനും അതനുസരിച്ച് പ്രതികരിക്കാനും ശ്രമിക്കാം. അങ്ങനെ ചെയ്താൽ നാം ഒരിക്കലും പച്ചമനുഷ്യരെപ്പോലെ, ആരോടും ഒന്നിനോടും പ്രതികരിക്കുകയില്ല. നമ്മുടെ ജീവിതവും പ്രതികരണവും ഉയരത്തിൽ നിന്ന് ജനിച്ച ദൈവമക്കൾ എന്ന നിലയിലായിരിക്കണം.

## ഡയെലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

യേശുവിനെ കമ്യൂണിസ്റ്റുകാർ ഏറ്റെടുത്താൽ വിശ്വാസികൾ എന്തുചെയ്യും.

*സണ്ണി ഫിലിപ്പ്, വയലത്തല, പത്തനംതിട്ട*

☹ **വിശ്വാസികൾക്കോ രക്ഷപെടണമെന്നില്ല. അവരേലും കൊണ്ടുപോയി രക്ഷപെടട്ടെ. അടുത്ത തെരഞ്ഞെടുപ്പുകഴിയുമ്പോൾ തിരിച്ചുതരും.**

☺ സഖാക്കൾ ക്രിസ്തുവിനെ ഏറ്റെടുക്കാൻ കാരണം.

*അക്സാ സോളമൻ, എടപ്പാറ, നെല്ലാട്*

☹ **ക്രിസ്തീയ സമൂഹം ക്രിസ്തുവിനെ മുൻനിർത്തി മുതലെടുക്കുന്നത് കണ്ടതാണ് അവർക്ക് പ്രചോദനമായത്.**

☺ യേശുക്രിസ്തുവിനെ തെറ്റായി വ്യാഖ്യനിച്ചിട്ട് നാം എന്തുകൊണ്ട് പ്രതിഷേധിക്കുന്നില്ല.

*ജാൻസി സുജിത്ത്, പള്ളുരുത്തി, എറണാകുളം*

☹ **അവർ ചൂണ്ടിക്കാണിക്കുന്ന യേശു വേദപുസ്തകം വെളിപ്പെടുത്തുന്ന യേശുവാണെന്ന് ആരു പറഞ്ഞു.**

☺ ആത്മീയ നേതാക്കന്മാരുടെ ഫ്ളക്സുകൾ പ്രയോജനം ചെയ്യുന്നില്ലെന്നാണോ പറയുന്നത്.

*ജോയമ്മ ശാമുവേൽ, നെല്ലിക്കുന്ന്, തൃശൂർ*

☹ **അങ്ങനെയാരും പറഞ്ഞില്ല. നാലു ഫ്ളക്സുണ്ടെങ്കിൽ ഒരു മൂത്രപ്പുരയുണ്ടാക്കാം.**

☺ കൃപാവരപ്രാപ്തർ മാരക രോഗങ്ങൾ സൗഖ്യമാക്കുന്നത് എന്റെ കണ്ണുകൊണ്ട് കണ്ടതാണ്.

*പി.ആർ. ജോസ്, മണക്കാല, അടൂർ*

☹ **കണ്ണു ഡോക്ടറെ കാണാൻ സമയമായി**

☺ ഗ്രഹങ്ങൾ അതിന്റെ അച്ചുതണ്ടിൽ കറങ്ങുന്നു. എന്തുതണ്ടിലാണ് നമ്മുടെ നേതാക്കന്മാരുടെ കറക്കം.

*ജോൺസൺ പെരുമറ്റത്ത്, കണ്ടച്ചിറ, കൊട്ടിയം*

☹ **മാമോന്റെ തണ്ടിൽ**




Printed, Published and owned by Titus Kply, Punnoothara, Kerala 690 516. Layout: Logi : 9495507765, Printed at St. Paul's Offset Mavelikara.
Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally